# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൂന്നാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-418/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/04/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂന്നാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.5-418/2023 തീയ്യതി: 30/04/2023

## ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-11-2021 മുതൽ 08-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-04-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 10-04-2023 | 19-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-04-2023 | 19-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റ്റി.എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ.വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മേജോ കെ.ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എം മണിമൊഴി | പ്രസിഡന്റ് | 01-04-2021 | 10-12-2021 |
| ശ്രീമതി. കനകമ്മ ജി. (പ്രസിഡന്റ് ഇൻ- ചാർജ്) | പ്രസിഡന്റ് | 11-12-2021 | 03-01-2022 |
| ശ്രീമതി. പ്രവീണ രവികുമാർ | പ്രസിഡന്റ് | 04-01-2022 | 31-03-2022 |
| ശ്രീ. അജിത് കുമാർ വി. ആർ. | സെക്രട്ടറി | 01-04-2021 | 01-01-2022 |
| ശ്രീ. സഹജൻ കെ.എൻ. | സെക്രട്ടറി | 02-01-2022 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| അജയകുമാർ പി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഗ്രീഷ്മ വി മാത്യൂ | കൃഷി ഓഫീസർ | 01-04-2021 | 20-10-2021 |
| അനീജ നായർ എം | കൃഷി ഓഫീസർ | 21-10-2021 | 31-03-2022 |
| ഡോ. ആർ എസ് രാമസ്വാമി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ. അശ്വതി വിശ്വം എസ് | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ ശ്രീധർ പി എസ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ ശ്രീധര ആർ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 30-06-2021 |
| ഡോ അഞ്ജു വി ഷൈനി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-07-2021 | 03-09-2021 |
| ഡോ ഷഫ്ന പി കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 04-09-2021 | 11-11-2021 |
| ഡോ അജിത് എൽ പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 12-11-2021 | 14-03-2022 |
| ഡോ അനിത അനൂപ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 15-03-2022 | 31-03-2022 |
| ഷെഫീന പി കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 05-11-2021 |
| ഖദീജ കെ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2021 | 31-03-2022 |
| റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| കെ. സി. രമീഷ് കുമാർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 02-12-2023 |
| പ്രശാന്ത് എം.റ്റി. | അസിസ്റ്റന്റ് എഞ്ചിനിയർ (എംപ്ലോയ്മെന്റ്) | 03-12-2021 | 31-03-2022 |
| ജിൻസ് കെ. ജി. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 46.49 ശതമാനം മാത്രം. 23.43 ലക്ഷം ലാപ്സായി | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച | 1-4-1 |
| 7 | ക്ഷേമ പദ്ധതികൾ | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്യാഷ് പരിശോധന | 1-7 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തീർണത്തിന് ആനുപാതികമായ നികുതി നിരക്കിൽ ഉൾപ്പെടുത്തിയില്ല | 1-10 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 14 | വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-12 |
| 15 | വനിതകൾക്ക് ഉല്പന്ന വിപണന കേന്ദ്രം- കെട്ടിട നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ | 1-13 |
| 16 | ഇ-ടെണ്ടർ നടത്തിയതിൽ ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-14 |
| 17 | അനർഹമായ കാലയളവിൽ ക്ഷേമപെൻഷൻ നൽകിയത് സംബന്ധിച്ച്. | 1-15 |
| 18 | ജി.എസ്.ടിക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി നൽകി | 1-16 |
| 19 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - രണ്ട് ഗുണഭോക്താക്കളുടെ തുക ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു | 1-17 |
| 20 | പഠനമുറി നിർമ്മാണം (എസ്.ടി.) മുൻകൂർ തുക കൈപ്പറ്റിയിട്ട് നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-18 |
| 21 | മൂന്നാർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി തെരുവുവിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 22 | നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 23 | പച്ചക്കറി വിത്ത് വിതരണം-അപാകങ്ങൾ | 1-21 |
| 24 | വനിത ഗ്രൂപ്പുകൾക്ക് സ്പ്രെയറുകൾ വിതരണം-സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 1-22 |
| 25 | പഞ്ചായത്ത് ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-23 |
| 26 | ലൈഫ്ഭവനപദ്ധതി ₹10203800/- പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രമവിരുദ്ധമായി നിക്ഷേപിച്ചിരിക്കുന്നു. | 1-24 |
| 27 | ഭവനം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി വി.ഇ.ഒ-യുടെ അക്കൌണ്ടിൽ ക്രമവിരുദ്ധമായി തുക നിക്ഷേപിച്ചു | 1-25 |
| 28 | മാലിന്യസംസ്കരണം ഫലപ്രദമല്ല | 1-26 |
| 29 | മാലിന്യം നീക്കം ചെയ്യൽ പഞ്ചായത്തിന് വൻ ബാദ്ധ്യത | 1-26-1 |
| 30 | രേഖകളുടെ അഭാവത്തിൽ ചെലവ് തടസപ്പെടുത്തുന്നു | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16-02-2021 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരവും, ജനറൽ കമ്മിറ്റിയുടെ 24-2-2021 തീയതിയിലെ 1(1)തീരുമാനപ്രകാരവും അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 7-2-2022 തീയതിയിലെ 6(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം ₹ 11213687/-യുടെ മുന്നിരിപ്പും ₹289286000/-യുടെ വരവും ₹296948000/-യുടെ ചെലവും ₹3551687/- യുടെ നീക്കിയിരിപ്പും ഉണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 22-06-2022 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | അലോട്ട്മെന്റ്/വരവ്₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 34597000 | 34597000 | 30725064 | |
| വികസനഫണ്ട് – എസ്.സി.പി. | 0 | 36665000 | 36665000 | 35284500 | |
| വികസനഫണ്ട് – റ്റി.എസ്.സി.പി. | 0 | 489000 | 489000 | 489000 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 18663000 | 18663000 | 10032959 | 8630041 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 8588021 | 8588021 | 7680746 | 907275 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 6993894 | 6993894 | 3251197 | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 1538000 | 1538000 | 1298850 | |
| എസ്.എസ്.എ | 386000 | 10528 | 396528 | 0 | 396528 |
| പൈക്ക | 255905 | 6980 | 262885 | 0 | 262885 |
| ഐ.സി.ഡി.എസ് | 3188304 | 1047494 | 4235798 | 749011 | 3486787 |
| ശുചിത്വമിഷൻ | 456842 | 734737 | 1191579 | -2128262 | 3319841 |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 118 | 0 | 118 | 0 | 118 |
| അംഗൻവാടി അറ്റകുറ്റപ്പണി | 0 | 10000 | 10000 | 10000 | 0 |
| കുടിവെള്ള പദ്ധതി | 0 | 10000 | 10000 | 10000 | 0 |

#### 1-3-1 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 46.49 ശതമാനം മാത്രം. 23.43 ലക്ഷം ലാപ്സായി

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹6993894/-ൽ 2021-22 സാമ്പത്തിക വർഷം ₹3251197/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 46.49 ശതമാനം മാത്രമാണ് ചെലവ്. 15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം വികസന ഫണ്ട് 80% ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹2343918.2/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 6993894 | 3251197 | 3742697 | 46.49 | 1398778.8 | 2343918.2 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 234521348 | 125 | 108472804 | - | 80 | 60.97 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതി വിവരങ്ങൾ

| ക്ര.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 100 | 4069500 | 3788060 |
| 2 | വെറ്ററിനറി സർജൻ | 12 | 12 | 100 | 10669920 | 7063510 |
| 3 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 3 | 3 | 100 | 1100000 | 971075 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 100 | 400000 | 399953 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 100 | 2100000 | 2099202 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 100 | 46453800 | 21641259 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 100 | 12745930 | 10145020 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 100 | 4000000 | 1999884 |
| 9 | സെക്രട്ടറി | 46 | 36 | 78.26 | 83672628 | 23964264 |
| 10 | അസിസ്റ്റന്റ് എഞ്ചിനിയർ | 116 | 49 | 42.24 | 57374570 | 25176267 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 100 | 11935000 | 11224310 |

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ ഒഴികെയുള്ള എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും 100% പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികളിൽ 42.24% മാത്രമാണ് നടപ്പാക്കിയിരിക്കുന്നത്. 2021-22 വർഷത്തിലെ ആകെ ചെലവ് 46.25% മാത്രമാണ്.

### 1-4-1 പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച

മൂന്നാർ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം ₹57374570/- വകയിരുത്തി 116 പ്രവൃത്തികൾ ഏറ്റെടുത്തിരുന്നെങ്കിലും ഇതിൽ 49 പ്രവൃത്തികളിലായി ₹25176267/- (43.88%) മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 12.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി ഏറ്റെടുക്കുന്നതിന് മുമ്പ് അവ നടപ്പാക്കുവാൻ കഴിയുന്നവയാണെന്നും യഥാസമയം നിർവ്വഹണം നടത്തുന്നു എന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവാപെൻഷൻ | 1348100 | 86 |
| വാർദ്ധക്യകാല പെൻഷൻ | 48821300 | 2580 |
| വികലാംഗപെൻഷൻ | 4586100 | 241 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 141800 | 11 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3004438 | 494364 | 3498802 | 3476247 | 22555 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 62756183 | 62756183 | 62756183 | |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-4-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 67636/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് സംവിധാനം-7 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റന്റന്റും അക്കൗണ്ടന്റും, ജൂനിയർ സൂപ്രണ്ടും, അസിസ്റ്റന്റ് സെക്രട്ടറിയും സെക്രട്ടറിയും 6 ഫുൾ ടൈം സ്വീപ്പർമാരും ഒരു ഡ്രൈവറും ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ഓഫീസ് ഓർഡർ മുഖേന ജോലി വിഭജനം നടത്തിയിട്ടുണ്ട്.
2. ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമാണ്. എന്നാൽ ബാക്ക് ഓഫീസിലെ പ്രവർത്തനം കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.
3. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. 2014-15 മുതൽ 2020-21 വരെയുള്ള നാല് സ്ഥിര നിക്ഷേപ രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കി. 2021-22 വർഷത്തിൽ രേഖപ്പെടുത്തലുകളൊന്നും നടത്തിയിട്ടില്ല. ഓരോ രജിസ്റ്ററിലും പരമാവധി രണ്ട് പേജുകളിൽ മാത്രമാണ് രേഖപ്പെടുത്തലുള്ളത്.
4. വരവിനങ്ങളുടെ പിരിവിൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും നികുതി/നികുതിയിതര വരുമാനങ്ങളുടെ മുൻവർഷ കുടിശ്ശിക (ബി-15 - ₹8215789/-) അവശേഷിക്കുന്നത് സർക്കാർ ഗ്രാന്റിൽ കുറവ് വരുത്തുന്നതിന് ഇടയാക്കും.
5. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിൽ അപാകതകളുണ്ട്. ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ പെൻഷൻ പോലും യഥാസമയം റദ്ദ് ചെയ്തിട്ടില്ലാത്തത് ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയെ സൂചിപ്പിക്കുന്നു.
6. ഔട്ട് ഡോർ കളക്ഷൻ മോണിട്ടർ ചെയ്യുന്നില്ല. ഉദാഹരണത്തിന് 2022 മാർച്ച് മാസം രസീത് ബുക്ക് നം 25308 രസീത് നം 22 മുതൽ 25 വരെയുള്ളതും 25316 രസീത് നം 98 എന്നിവ പ്രകാരം കളക്ട് ചെയ്തിട്ടുള്ള തുകകൾ ഓഡിറ്റ് തീയതി വരെയും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ഭാഗം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
7. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 7 വ്യത്യസ്ത പ്രോജക്ടുകൾ ഏറ്റെടുത്ത് ഒരേ കരാറുകാരനെക്കൊണ്ട് നടത്തിയത് ഇ- ടെണ്ടർ നടപടി ഒഴിവാക്കി നിക്ഷിപ്ത താത്പര്യത്തോടെ പ്രവർത്തിച്ചതുകൊണ്ടാണ് എന്ന് വിലയിരുത്തുന്നു.
8. ഐ.എൽ.ജി.എം.എസ് ഡാഷ് ബോർഡ് പ്രകാരം ആകെ ലഭിച്ച 1758 ഫയലുകളിൽ 1591 എണ്ണം തീർപ്പാക്കിയിട്ടുണ്ട് (As On 13-04-2023).
9. മാലിന്യ സംസ്കരണ സംവിധാനത്തിനായി വേതനമിനത്തിൽ ₹12531830/- ഉം സാനിറ്റേഷൻ ചെലവ് ഇനത്തിൽ ₹2001194/- ഉം ₹799409/- ഉം ഉൾപ്പെടെ ആകെ ₹15332433/- ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. വിശദ വിവരങ്ങൾ ഭാഗം -1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. ബി-18 ഷെഡ്യൂൾ (460500204) പ്രകാരം ₹63800/- ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇത് ഏത് ആവശ്യത്തിന് നൽകിയതാണെന്നോ എന്ന് നൽകിയതാണെന്നോ വ്യക്തമല്ല.

2. ബി-18 ഷെഡ്യൂൾ (460500399) പ്രകാരം മറ്റ് അംഗീകൃത ഏജൻസികൾക്ക് മുൻകൂർ നൽകിയ ഇനത്തിൽ ₹ 30000/- അവശേഷിക്കുന്നുണ്ട്. ഈ തുക ഏത് ഏജൻസിക്ക് എന്ത് ആവശ്യത്തിന് നൽകിയതാണെന്ന് വ്യക്തമല്ല.

3. ബി- 9 ഷെഡ്യൂൾ പ്രകാരം താഴെ പരാമർശിക്കുന്ന ബാധ്യതകളുണ്ട്.

| അക്കൗണ്ട് ഹെഡ് | ഇനം | തുക | കുറിപ്പ് |
|---|---|---|---|
| 350200202 | VAT | 114953 | ഓപ്പണിംഗ് ബാലൻസ് മാത്രമാണുള്ളത്. |
| 350300101 | Library Cess | 1119320 | ലൈബ്രറി കൗൺസിലിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. |
| 350300103 | VAT | 10107 | ഓപ്പണിംഗ് ബാലൻസ് മാത്രമാണുള്ളത്. |
| 350300104 | Service Tax | 115363 | ഓപ്പണിംഗ് ബാലൻസ് മാത്രമാണുള്ളത്. |
| 350400501 | Refund Payable - Grants And Fund | 1326800 | ഓപ്പണിംഗ് ബാലൻസ് മാത്രമാണുള്ളത്. |
| 350800101 | Stale Cheques | 289482 | തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |

മേൽ വ്യക്തമാക്കിയ ബാധ്യതകളിൽ പലതും നിലവിലില്ലാത്തതാണ്. ആയതിനാൽ മേൽ ബാദ്ധ്യതകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ബി - 15 ഷെഡ്യൂൾ പ്രകാരം ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിൽ (Current + Arrear) ₹653700/- കുടിശ്ശികയുണ്ട്. കുടിശ്ശികയില്ലാത്ത നികുതിയേതര വരുമാനത്തിന് കുടിശ്ശിക കാണിച്ചിരിക്കുന്നത് ക്രമ വിരുദ്ധമാണ്.

5. വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

6. കുടിശ്ശികയിനങ്ങൾക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

7. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി 2021-22 വർഷത്തിൽ ക്യാരി ഓവർ ചെയ്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ ബി-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന ₹ 1208412/- ന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ഒരോ ഇനത്തിലും ഡെപ്പോസിറ്റ് തിരികെ നൽകുവാനുള്ള വ്യക്തികളുടെ വിവരങ്ങൾ അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതിനാൽ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

8. I-18 ഷെഡ്യൂളിൽ ആവശ്യമായ രേഖകളുടെ പിൻബലമില്ലാതെ ₹4166520/- ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. രേഖകളുടെ പിൻബലമില്ലാതെ ഡിമാന്റിൽ കുറവ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

1-10 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിസ്തീർണത്തിന് ആനുപാതികമായ നികുതി നിരക്കിൽ ഉൾപ്പെടുത്തിയില്ല

മൂന്നാർ പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു ₹60/- നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു ₹70/- നിരക്കിലുമാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.

തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് മുൻ വർഷങ്ങളിൽ സഞ്ചയയിൽ നികുതി കണക്കാക്കിയിട്ടുള്ളതും നിലവിൽ ഈടാക്കി വരുന്നതും. വിശദീകരണം നൽകേണ്ടതാണ്.

| ക്രമ. നം. | ബിൽഡിംഗ് ഐ.ഡി | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര് | വിലാസം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ.) | കുറവ് വന്ന അടിസ്ഥാന വസ്തു നികുതി( വിസ്തീർണം* 10) |
|---|---|---|---|---|---|---|
| 1 | 50579010001000 | 1/446/ | ടാറ്റാ ടീ, | വെസ്റ്റ് ഡിവിഷൻ, നയമക്കാട് എസ്റ്റേറ്റ്, മൂന്നാർ | 208 | 2080 |
| 2 | 50579010000924 | 3/135/ | ടാറ്റാ ടീ | നാവൽ ഡിവിഷൻ, ചട്ടമൂന്നർ എസ്റ്റേറ്റ് | 112.5 | 1125 |
| 3 | 50579010001187 | 3/328/ | ഹസീന ഫർവിൻ | ചട്ടമൂന്നാർ, തലയാർ എസ്റ്റേറ്റ്, ചട്ടമൂന്നാർ | 320 | 3200 |
| 4 | 50579010001188 | 3/329/ | ഹസീന ഫെർവിൻ | ചട്ടമൂന്നാർ, തലയാർ എസ്റ്റേറ്റ്, ചട്ടമൂന്നാർ | 160 | 1600 |
| 5 | 50579010003616 | 6/320/ | ടാറ്റാ ടീ | തെൻമലൈ എസ്റ്റേറ്റ്, വാഗ്വരൈ | 128 | 1280 |
| 6 | 50579010002387 | 7/412/ | ടാറ്റാ ടീ | ലോവർ ഡിവിഷൻ, കന്നിമല എസ്റ്റേറ്റ് | 144 | 1440 |
| 7 | 50579010000139 | 8/52/ | ടാറ്റാ ടീ | ആനമുടി ഡിവിഷൻ, പെരിയവരൈ എസ്റ്റേറ്റ്, മൂന്നാർ | 121 | 1210 |
| 8 | 50579010009777 | 10/141/ | സെബിൻ അലാവുദീൻ | മൂന്നാർ, 685612 | 150 | 1500 |
| 9 | 50579010009780 | 10/144/ | കെ.എം.ബഷീർ | കറ്റിക്കാട്ടുചാലിൽ, മൂന്നാർ, 685612 | 150 | 1500 |
| 10 | 50579010009815 | 10/165/ | ടാറ്റാ ടി | മൂന്നാർ, 685612 | 180 | 1800 |
| 11 | 50579010009935 | 10/310/ | പ്രേംകുമാർ | പണ്ട്യൻ കോഫീ ഹൌസ്, മൂന്നാർ | 120 | 1200 |
| 12 | 50579010010168 | 10/444/ | പത്മാവതി | വർക്ക്ഷോപ്പ്, മൂന്നാർ | 120 | 1200 |
| 13 | 50579010010963 | 10/832/ | സി. പി. മജി | മൂന്നാർ | 120 | 1200 |
| 14 | 50579010011165 | 10/894/ | ദാമോദരൻ, | ഹോട്ടൽ ഗുരുഭവൻ, ഇക്കാനഗർ, മൂന്നാർ | 217.45 | 2174.5 |
| 15 | 50579010011299 | 10/1043/ | ബെന്നി മാത്യൂ | ഇക്കാ നഗർ, മൂന്നാർ കോളനി | 141 | 1410 |
| 16 | 50579010011858 | 10/1043/1 | ബെന്നി മാത്യൂ | ഇക്കാ നഗർ, മൂന്നാർ കോളനി | 141 | 1410 |
| 17 | 50579010011859 | 10/1043/2 | ബെന്നി മാത്യൂ | ഇക്കാ നഗർ, മൂന്നാർ കോളനി | 141 | 1410 |
| 18 | 50579010007962 | 11/36/ | ഐസക്ക് പീറ്റർ | പഴയമൂന്നാർ, മൂന്നാർ | 168 | 1680 |
| 19 | 50579010007993 | 11/53/ | എം.എസ്.എ. | മൂന്നാർ ടൌൺ, മൂന്നാർ | 680 | 6800 |

| | | | | | | |
|---|---|---|---|---|---|---|
| 20 | 50579010008000 | 11/56/ | സദാനന്ദൻ | എസ് എൻ ടൂറിസ്റ്റ് ഹോം, പഴയമൂന്നാർ | 180 | 1800 |
| 21 | 50579010008166 | 11/127/ | സുശീല | പഴയ മൂന്നാർ, മൂന്നാർ | 192.2 | 1922 |
| 22 | 50579010008167 | 11/128/ | ആന്റണി | മൂലക്കട, മൂന്നാർ ടൌൺ, മൂന്നാർ | 192.2 | 1922 |
| 23 | 50579010008170 | 11/131/ | മാരിയപ്പൻ | മൂലക്കട, മൂന്നാർ ടൌൺ, മൂന്നാർ | 132 | 1320 |
| 24 | 50579010008171 | 11/132/ | ആണ്ടവ പെരുമാൾ | മൂലക്കട, മൂന്നാർ ടൌൺ, മൂന്നാർ | 120 | 1200 |
| 25 | 50579010008173 | 11/134/ | ഗ്രേസ് തങ്കദുരൈ | മൂലക്കട, മൂന്നാർ ടൌൺ | 240 | 2400 |
| 26 | 50579010008176 | 11/137/ | ബെനറ്റ് ഡാനിയേൽ | 10 സി, ശ്രീ ധന്യാ ഹെവൻ, സർവ്വേ സ്കൂൾ റോഡ്, പേരൂർക്കട, തിരുവനന്തപുരം | 269.79 | 2697.9 |
| 27 | 50579010008180 | 11/141/ | പളനി സുപ്പയ്യൻ | മൂലക്കട, മൂന്നാർ ടൌൺ, മൂന്നാർ | 240 | 2400 |
| 28 | 50579010008183 | 11/144/ | രാജപ്പ | മൂലക്കട, മൂന്നാർ ടൌൺ | 130 | 1300 |
| 29 | 50579010008199 | 11/160/ | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്, റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്സ് | 194 | 1940 |
| 30 | 50579010008200 | 11/161/ | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്, റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്സ്, | 250 | 2500 |
| 31 | 50579010008201 | 11/162/ | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്, റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്സ് | 350 | 3500 |
| 32 | 50579010008202 | 11/163/ | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്, റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്സ് | 250 | 2500 |
| 33 | 50579010008203 | 11/164/ | ലെസ്ലി വില്ലിം | മൂലക്കട, മൂന്നാർ ടൌൺ | 250 | 2500 |
| 34 | 50579010008204 | 11/165/ | അന്നക്കുട്ടി വർഗ്ഗീസ് | പുതിയിടത്ത്, റെഡ് സ്പാരോ ഹോട്ടൽസ് & റിസോർട്സ് | 275 | 2750 |
| 35 | 50579010011539 | 13/305/ | ദീപക്ക് രാജ് | മൂലക്കട, മൂന്നാർ, മൂന്നാർ | 170 | 1700 |
| 36 | 50579010004685 | 14/24/ | ടാറ്റാ ടീ, | അപ്പർ ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ്, | 129 | 1290 |
| 37 | 50579010004687 | 14/25/ | ടാറ്റാ ടീ | അപ്പർ ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ് | 129 | 1290 |
| 38 | 50579010005627 | 14/480/ | ടാറ്റാ റ്റീ | നാഗർമുടി ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ്, മൂന്നാർ | 1984 | 19840 |
| 39 | 50579010005707 | 14/531/ | ടാറ്റാ റ്റീ | നാഗർമുടി ഡിവിഷൻ, സെവൻമലൈ എസ്റ്റേറ്റ്, മൂന്നാർ | 103 | 1030 |
| 40 | 50579010005030 | 16/319/ | ടാറ്റാ ടീ | കല്ലാർ ഡിവിഷൻ, നല്ലതണ്ണി എസ്റ്റേറ്റ്, മൂന്നാർ | 299 | 2990 |
| 41 | 50579010006627 | 17/93/ | ത്യാഗരാജൻ ബസ്സാർ | നല്ലതണ്ണി എസ്റ്റേറ്റ്, മൂന്നാർ | 115 | 1150 |
| 42 | 50579010011933 | 17/263/ | എം.എസ് ടാറ്റാ | ഈസ്റ്റ് ഡിവിഷൻ, നല്ലത്തണ്ണി | 168 | 1680 |
| 43 | 50579010009048 | 19/44/ | അസി.എഞ്ചിനീയർ | പി.ഡബ്ല്യൂ സെക്ഷൻ, മൂന്നാർ, മൂന്നാർ | 120 | 1200 |
| 44 | 50579010009159 | 19/101/ | റ്റി. ഗ്ലാഡ്സൺ ദയകമാർ | മൂന്നാർ ടൌൺ, മൂന്നാർ, മൂന്നാർ | 360 | 3600 |
| 45 | 50579010009163 | 19/103/ | ശരവണ സ്പൈസസ് | മൂന്നാർ | 175 | 1750 |
| 46 | 50579010009288 | 19/158/ | സി അണ്ണാമലൈ | 8 മുറി ലൈൻ, ടെംബിൾ ലൈൻ റോഡ്, മൂന്നാർ | 160 | 1600 |
| 47 | 50579010009296 | 19/167/ | ആനന്ദ് പ്രഭ | മൂന്നാർ | 120 | 1200 |
| 48 | 50579010011424 | 19/467/ | നിർമ്മൽ പ്രസ്സ് | മൂന്നാർ | 225 | 2250 |
| 49 | 50579010011432 | 19/475/ | സി. എ. കമാർ | മൂന്നാർ-685612, | 104 | 1040 |
| 50 | 50579010011434 | 19/477/ | സി. എ. കമാർ | മൂന്നാർ-685612, | 120 | 1200 |
| 51 | 50579010011472 | 19/517/ | പൊന്നുചന്ദ്രൻ | 6 മുറി ലൈൻ, നല്ലതണ്ണി റോഡ്, മൂന്നാർ | 280 | 2800 |
| 52 | 50579010006825 | 20/51/ | ടാറ്റാ ടീ | ചോലമലൈ ഡിവിഷൻ, ചോലമലൈ എസ്റ്റേറ്റ്, മൂന്നാർ | 128 | 1280 |
| 53 | 50579010004087 | 21/472/ | ടാറ്റാ റ്റീ | ഈസ്റ്റ് ഡിവിഷൻ, നൈമക്കാട് എസ്റ്റേറ്റ്, മൂന്നാർ | 120 | 1200 |
| 54 | 50579010001180 | 19/571/ | കെ.ബാലസുബ്രമണിയൻ | മാട്ടുപ്പെട്ടി റോഡ്, മൂന്നാർ, മൂന്നാർ | 150 | 1500 |
| 55 | 50579010004018 | 19/575/ | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 | 1500 |
| 56 | 50579010000086 | 19/577/ | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ, | 150 | 1500 |
| 57 | 50579010000181 | 19/578/ | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ, | 150 | 1500 |
| 58 | 50579010004014 | 19/579/ | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 | 1500 |

| | | | | | | |
|---|---|---|---|---|---|---|
| 59 | 50579010004015 | 19/580/ | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ, | 150 | 1500 |
| 60 | 50579010004022 | 19/583/ | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 | 1500 |
| 61 | 50579010004024 | 19/584/ | ചേലക്കൽ കൃഷ്ണ ആൻഡ് സൺസ് | മൂന്നാർ, തലയാർ | 150 | 1500 |
| 62 | 50579010004628 | 19/588/ | ധാര ഗണേശൻ | മൂന്നാർ, മൂന്നാർ | 150 | 1500 |
| ആകെ | | | | | | 131461.4 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 14 തീയതി 12/4/2023)ക്ക് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | മാക്സ് വാല്യൂ ക്രെഡിറ്റ് &ഇൻവെസ്റ്റ്മെന്റ്സ് | 2 |
| 2. | ചെമ്മണ്ണൂർ ക്രെഡിറ്റ് &ഇൻവെസ്റ്റ്മെന്റ്സ് | 2 |
| 3. | കേരള സംസ്ഥാന കോ-ഓപറേറ്റീവ് ബാങ്ക് | 2 |
| 4 | ഹൈറേഞ്ച് ക്ളബ് | 2 |
| 5 | ഫെഡറൽ ബാങ്ക് | 2 |
| 6 | നല്ലതണ്ണി എസ്റ്റേറ്റ് | 2 |
| 7 | ഐ.റ്റി.ഡി മാനേജ്മെന്റ് സ്റ്റാഫ് | 2 |
| 8 | തലയാർ എസ്റ്റേറ്റ് | 2 |
| 9 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മൂന്നാർ ശാഖ | 2 |
| 10 | ദി മാനേജർ സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/13/04/2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പൂർണമായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടത്തിലെ വാടകക്ക് നൽകിയിട്ടുള്ള താഴെപ്പറയുന്ന മുറികളുടെ വാടക പൂർണമായി ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നമ്പർ/മുറി നമ്പർ | വാടക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക+ ജി.എസ്.ടി | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | ആകെ | കുറിപ്പ് |
|---|---|---|---|---|---|---|
| തലയാർ ഷോപ്പിംഗ് കോംപ്ലക്സ് | | | | | | |
| 7 | 5 | ബാലസുബ്രമണി | 1049+189 | 4/2021 മുതൽ 03/2022 വരെ | 14856 | ലഭ്യമാക്കിയ മറുപടി പ്രകാരം 10058 രൂപ ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 4798 ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 8 | 6 | ബെലിൻ രാജ് | 1072+193 | 4/2021 മുതൽ 03/2022 വരെ | 15180 | ലഭ്യമാക്കിയ മറുപടി പ്രകാരം 10303 രൂപ ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 4877 ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| 12 | 10 | മുത്തുലക്ഷ്മി | 1274+229 | 4/2021 മുതൽ 03/2022 വരെ | 18036 | |
| ബങ്ക് ഷോപ്പ് | | | | | | |
| മിനി ഷോപ്പിംഗ് കോംപ്ലക്സ് | | | | | | |
| 17 | 18(ബി) | സെന്തിൽ | 375+68 | 4/2021 മുതൽ 03/2022 വരെ | 5316 | |
| ലക്ഷ്മി എസ്റ്റേറ്റ് വെയിറ്റിംഗ് ഷെഡ് | | | | | | |
| 20 | 3 | പ്രേമ | 417+75 | 4/2021 മുതൽ 03/2022 വരെ | 5902 | |
| പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള കെട്ടിടം | | | | | | |
| 21 | - | പ്രോവിഡന്റ് ഫണ്ട് ഓഫീസ് | 6177+1112 | 4/2021 മുതൽ 03/2022 വരെ | 87468 | ഓൺലൈനായി തുക ഒടുക്കിയതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. |
| മൂന്നാർ ടൗൺ ടാക്സി സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്ന കെട്ടിടം | | | | | | |
| 22 | - | മുത്തയ്യ | 1943+350 | 7/2021 മുതൽ 03/2022 വരെ | 20637 | |
| കൃഷി ഭവനോട് ചേർന്നുള്ള മുറി | | | | | | |
| 23 | - | ആൻസി റ്റി.പി | 2151+387 | 4/2021 മുതൽ 03/2022 വരെ | 30456 | |

വാടകക്കാരുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശിക ഈടാക്കിയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 2/11.04.2023) ക്ക് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാടകക്കാരുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായില്ല. ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വനിതകൾക്ക് ഉല്പന്ന വിപണന കേന്ദ്രം- കെട്ടിട നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ

| | |
|---|---|
| പ്രോജക്ട് | 157/22, വനിതകൾക്ക് ഉല്പന്ന വിപണന കേന്ദ്രം |
| അടങ്കൽ | ₹25000000/- (വികസന ഫണ്ട്- എസ്.സി.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ചിക്കു ആർ. പുളിക്കൻ |
| അളവ് ബുക്ക് നമ്പർ | 565(a)/18-19 & 311/2020 |
| ബിൽ നം./തീയതി/ തുക | 211003520092006694l6/ 18.11.21/ ₹2277580/- |

മൂന്നാർ ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും പട്ടികജാതി വനിതകൾക്ക് ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനായി വിഭാവനം ചെയ്ത വിപണന കേന്ദ്രത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം ₹2277580/- കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ബഹു.കേരള ഹൈക്കോടതിയുടെ 2010 ലെ WP(C) 14728/19 നമ്പർ ഉത്തരവ് പ്രകാരം മൂന്നാർ ഗ്രാമ പഞ്ചായത്ത് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിൽ റവന്യൂ വകുപ്പിന്റെ മുൻകൂർ നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. എന്നാൽ അപ്രകാരം നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങാതെ നിർമ്മാണം നടത്തുന്നു എന്ന് കാണിച്ച് മൂന്നാർ വില്ലേജ് ഓഫീസർ 06.02.2019 ലെ 8/2019 നമ്പർ ഉത്തരവ് പ്രകാരം പ്രവൃത്തി നിർത്തിവെക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. വില്ലേജ് ഓഫീസറുടെ സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനു ശേഷവും പഞ്ചായത്ത് നിർമ്മാണം തുടരുന്നു എന്നും ആയത് അടിയന്തിരമായി നിർത്തിവെക്കണം എന്നും ആവശ്യപ്പെട്ട്

ദേവികുളം സബ്കളക്ടർ 08.02.2019 ലെ ബി2-268/2018 ഉത്തരവ് പ്രകാരം പഞ്ചായത്തിനോട് നിർദ്ദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പിന്നീട് നിർമ്മാണം തുടരുവാൻ കഴിയാതെ വന്നതിനാൽ കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച WP(C) 14728/19 നമ്പർ കേസിൽ ടിയാന് നിലവിൽ നടത്തിയിട്ടുള്ള നിർമ്മാണത്തിന്റെ നിയമാനുസൃത തുക അനുവദിക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കുകയും ചെയ്തു. എന്നാൽ ഇതിന്മേൽ നാളിതുവരെ യാതൊരു തുടർ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതി ലക്ഷ്യം കാണാതെ അവശേഷിച്ചിരിക്കുന്നു.

റവന്യൂ വകുപ്പിൽ നിന്നും നിയമാനുസൃത നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങാതെ 2018-19 ൽ ₹6500000/- അടങ്കൽ വരുന്ന എസ്റ്റിമേറ്റിൽ തൻവർഷം ₹2500000/- വകയിരുത്തി 410 ച.മീറ്റർ വിസ്തൃതിയിൽ 9 മുറികളും ഒരു സ്റ്റെയർകേസ് മുറിയും ഉൾപ്പെടുന്ന കെട്ടിടം നിർമ്മിക്കുന്നതിന് ഏറ്റെടുത്ത പ്രവൃത്തിയാണ് നിലവിൽ പാതിവഴിയിൽ ഉപേക്ഷിച്ച നിലയിൽ ഉള്ളത്. പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖയും ഫയലിൽ കാണുന്നില്ല. സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോയെന്നും വ്യക്തമല്ല. നിയമാനുസൃത അനുമതി വാങ്ങാതെ പദ്ധതി ഏറ്റെടുക്കുവാൻ ഉണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്നും പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച നിലവിലെ അവസ്ഥയും ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് 13.04.2023 -ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 20 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതിയിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

### 1-14 ഇ-ടെണ്ടർ നടത്തിയതിൽ ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല

2021-22 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 67 പദ്ധതികളുടെ ഇ-ടെണ്ടർ നടത്തിയ വകയിൽ ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ള ₹160579/- ഇടുക്കി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് ലഭിച്ചിട്ടുള്ളത്. ആയത് തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

### 1-15 അനർഹമായ കാലയളവിൽ ക്ഷേമപെൻഷൻ നൽകിയത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2021 ജനവരി മുതൽ 2021 ഏപ്രിൽ വരെയുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

1. പെൻഷൻ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ

| ക്രമ നം. | പേരും വിലാസവും | മരണപ്പെട്ട തിയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 1 | മാരിമുത്തു മുത്തയ്യ | 17-12-2020 | 12/2020 – 6/20201 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 10700 |
| 2 | ലക്ഷ്മി ശരവണൻ | 21-11-2020 | 11/2020 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 12300 |
| 3 | കറുപ്പസാമി | 5-12-2020 | 12/2020 – 6/20201 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 10700 |
| 4 | സെന്തൂർപാണ്ടി അരുണാചലം | 19-12-2020 | 12/2020 – 6/20201 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 10700 |
| 5 | രാജേന്ദ്രൻ ചുരുളിവേലു | 2-1-2021 | 1/2021 - 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 9300 |
| 6 | മാരിയപ്പൻ | 6-1-2021 | 1/2021 – 12/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 38100 |
| 7 | ഗണപതി അർജ്ജുനൻ | 14-1-2021 | 1/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 9300 |
| 8 | സിങ്കാരം സുബ്ബയ്യ | 12-1-2021 | 1/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 9300 |
| 9 | ബാലൻ മോഹൻ | 26-1-2021 | 1/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 9300 |
| 10 | തങ്കരാജ് യേശുവടിയൻ | 19-1-2021 | 1/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 9300 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | വിഗ്നേശ് | 20-2-2021 | 2/2021 – 12/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 17600 |
| 12 | ലക്ഷ്മി മാടസാമി | 26-2-2021 | 2/2021 - 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 7800 |
| 13 | മുത്തുലക്ഷ്മി.കെ | 18-1-2021 | 1/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 9300 |
| 14 | രാജ് | 3-3-2021 | 3/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 6300 |
| 15 | രാജമ്മ അരുണാചലം | 19-2-2021 | 2/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 7800 |
| 16 | ഗണപതി.സി | 22-2-2021 | 2/2021 – 6/2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 7800 |
| 17 | ഷൺമുഖയ്യ ശങ്കരപാണ്ടി | 21-3-2021 | 3/2021 - 6-2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 6300 |
| 18 | മാടസാമി | 4-4-2021 | 4/2021 – 12/2022 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 33600 |
| 19 | വെള്ളദുരൈ കറുപ്പസ്വാമിതേവർ | 11-3-2021 | 3/2021 - 6-2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 6300 |
| 20 | കലാദേവി.എൻ | 11-3-2021 | 3/2021 - 6-2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 6300 |
| 21 | വടിവ് | 13-3-2021 | 3/2021 - 12-2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 35200 |
| 22 | പൊന്നമ്മ ചെല്ലയ്യ | 12-4-2021 | 4/2021 - 6-2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | സസ്പെൻഡ് | മൂന്നാർ ഗ്രാമ പഞ്ചായത്ത് | 4800 |

അർഹതയില്ലാത്ത കാലയളവിൽ പെൻഷൻ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും 2021-2022 വർഷം ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട മരണപ്പെട്ട ആളുകളുടെ പെൻഷൻ സസ്പെൻഡ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി നം 07/11.04.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലാണ് മേൽ വിവരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. 2021-22 വർഷത്തിൽ മരണപ്പെട്ട എല്ലാവരുടെയും വിവരങ്ങൾ പരിശോധിച്ചിട്ടില്ല. മുകളിൽ പരാമർശിച്ചിരിക്കുന്ന പട്ടികയിലുള്ള ഗുണഭോക്താക്കൾ മൂന്നാർ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരും ഈ പഞ്ചായത്തിൽ നിന്നു തന്നെ പെൻഷൻ വാങ്ങുന്നവരുമാണ്. മൂന്നാർ ഗ്രാമപഞ്ചായത്തിൽ മരണ രജിസ്റ്റർ ചെയ്തവരുടെ പോലും പെൻഷൻ റദ്ദ് ചെയ്തിട്ടില്ലാത്തത് അംഗീകരിക്കാവുന്നതല്ല. ഈ ഗ്രാമപഞ്ചായത്തിൽ നിന്നും പെൻഷൻ ലഭിക്കുന്നവരും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണം രജിസ്റ്റർ ചെയ്തവർക്കും പെൻഷൻ നൽകുന്നതിനുള്ള സാധ്യതയുണ്ട്.

പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്തുകഴിഞ്ഞതിനു ശേഷവും പെൻഷൻ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് മാസങ്ങൾക്ക് ശേഷമാണ്. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തവ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ/ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ മൂന്നാർ ഗ്രാമപഞ്ചായത്തിൽ 2020 ജനുവരി മുതൽ 2022 മാർച്ച് വരെ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

23.09.2020-ലെ സ.ഉ(സാധാ)67/2020/ധന ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനു ശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷന് അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്ന പക്ഷം തിരികെ ഈടാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. 05.11.2020ലെ നം.67/2020/ധന സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ പെൻഷൻ തുക ബാങ്കിൽ നിന്നോ നേരിട്ടോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന തി.17.08.2017ൽ നിർദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-16 ജി.എസ്.ടിക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി നൽകി

CGST Act, 2017 ലെ വകുപ്പ് 10, SGST Act, 2017-ലെ വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിനു പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി ഈടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി ഉൾപ്പെടെ കിലോഗ്രാമിന് ₹73.50/-(₹70.00 + ₹3.50) യാണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ, പഞ്ചായത്തിൽ വിതരണം ചെയ്ത അമൃതം ന്യൂട്രീമിക്സിന് അമല ന്യൂട്രിമിക്സ്, കാൽവരി മൗണ്ട് എന്ന സ്ഥാപനം Bill Of Supply നൽകിയിട്ടുള്ളതെങ്കിലും 5 ശതമാനം ജി.എസ്.ടി-യും ഈടാക്കിയിട്ടുണ്ട്. സ്ഥാപനം നൽകിയിട്ടുള്ള ബിൽ ഓഫ് സപ്ലൈയിൽ ജി.എസ്.ടി ഈടാക്കുവാൻ അർഹതയില്ലെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി ഈടാക്കിയതു കാരണം 78321/- അധികമായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പദ്ധതി നം / പദ്ധതിയുടെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് | ബിൽ നം/തീയതി | ബിൽ തുക | ബിൽ ഓഫ് സപ്ലൈ നമ്പർ/തിയതി | വാങ്ങിയ അളവ് കിലോഗ്രാം | അകെ ഈടാക്കിയ തുക @₹73.50/കി.ഗ്രാം | ഈടാക്കാവുന്ന തുക @₹70/കി .ഗ്രാം | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|---|---|---|---|---|
| 6/2022, അനുപൂരക പോഷകാഹാര പരിപാടി | വികസന ഫണ്ട് ജനറൽ - | 2458520 | 2458520 | 21100352009300159957/ 29-06-2021 | 384723 | 410/19-4-2021 | 1534 | 112749 | 107380 | 5369 |
| | | | | | | 423/31-5-2021 | 1700 | 124950 | 119000 | 5950 |
| | | | | | | 427/23-6-2021 | 1857 | 136489.5 | 129990 | 6499.5 |
| | | | | 211003520093000297152/ 12-8-2021 | 143325 | 431/14-7-2021 | 1950 | 143325 | 136500 | 6825 |
| | | | | 21100352009300998955/ 24-1-2022 | 271952 | 456/25-10-2021 | 1884 | 138474 | 131880 | 6594 |
| | | | | | | 467/29-11-2021 | 1893 | 139135.5 | 132510 | 6625.5 |
| | | | | 21100352009301288032/ 9-3-2022 | 970000 | 474/16-12-2021 | 2173.5 | 159752.25 | 152145 | 7607.25 |
| | | | | | | 485/13-1-2022 | 1806 | 132741 | 126420 | 6321 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 39/2022, അനുപൂരക പോഷകാഹാര പരിപാടി | വികസന ഫണ്ട് - എസ്.സി.പി | 2400000 | 2400000 | 21100352009300555417/ 21-10-2021 | 283563 | 442/13-9-2021 | 2028 | 149058 | 141960 | 7098 |
| | | | | | | 439/18-8-2021 | 1830 | 134505 | 128100 | 6405 |
| | CFC Grant | 1000000 | 715296 | 21-3-2021 | 436813 | 491/23-2-2021 | 1596 | 117306 | 111720 | 5586 |
| | | | | | | 507/16-3-2021 | 2026 | 148911 | 141820 | 7091 |
| 43/2022, അനുപൂരക പോഷകാഹാരം കൗമാര പെൺകുട്ടികൾ | വികസന ഫണ്ട് - ജനറൽ | 800000 | 800000 | 21100352009300297141/ 29-6-2021 | 172255 | 428/25-6-2021 | 100 | 7350 | 7000 | 350 |
| | | | | | | | | | ആകെ | 78321 |

ജി.എസ്.ടി.ക്ക് അർഹതയില്ലാത്ത സ്ഥാപനത്തിന് ജി.എസ്.ടി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 10/12.04.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അനർഹമായി നൽകിയ ജി.എസ്.ടി തുക ₹78321/-ടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

1-17 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - രണ്ട് ഗുണഭോക്താക്കളുടെ തുക ഒരേ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | ₹4000000/- |
| ബിൽ നം | 1) 2110032013501312839/09.03.22- ₹1986816/-<br>2) 21100352013501312845/09.03.22-₹13068/- |

ക്രമനമ്പർ 1പ്രകാരമുള്ള ബില്ലിലെ 95-ാം ക്രമനമ്പരായി പനീർസെൽവി എം. എന്ന ഗുണഭോക്താവിന് ₹12384/-ഉം ക്രമനമ്പർ 2 പ്രകാരമുള്ള ബില്ലിലെ തുക പനീർസെൽവി ആർ. എന്ന ഗുണഭോക്താവിനും നൽകിയിരിക്കുന്നു. എന്നാൽ ഈ രണ്ട് ഗുണഭോക്താക്കൾക്കുമുള്ള തുക 358902010023911 എന്ന നമ്പരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകിയിരിക്കുന്നത്. മൂന്നാറിലെ ലക്ഷ്മി മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി നം. I-32(D) നൽകിയിരിക്കുന്ന 'പാലളന്ന ഗുണഭോക്താക്കളുടെ പട്ടിക' പ്രകാരം ഇവ രണ്ടും വ്യത്യസ്ത ഗുണഭോക്താക്കളാണ്. പ്രസ്തുത പട്ടികയിലെ ക്രമ നം. 135 പനീർസെൽവി എം, അപ്പർഡിവിഷൻ, സെവൻമല (ആധാർ നം.323866725393.) ക്രമനം. 169 പനീർസെൽവി ആർ. വെസ്റ്റ് ഡിവിഷൻ, നല്ലതണ്ണി (ആധാർ നമ്പർ 584897820389) എന്നിവരാണ്. വ്യത്യസ്ത വ്യക്തികൾക്ക് ഒരേ അക്കൗണ്ട് നമ്പരിലേയ്ക്ക് തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിനായി 10/04/2023ൽ നിർവ്വഹണോദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2ന് "ബാങ്ക് അക്കൗണ്ട് അപ്ഡേറ്റ് ചെയ്തപ്പോൾ വന്ന തെറ്റാണ് എന്നും ശരിയായ ഗുണഭോക്താവിന്റെ അക്കൗണ്ടിലെയ്ക്ക് തുക ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കുന്നതാണ്" എന്ന് നിസ്സാരവത്ക്കരിച്ചുകൊണ്ടുള്ള മറുപടി ലഭ്യമാക്കിയിരിക്കുന്നു. യഥാർത്ഥത്തിലുള്ള അക്കൗണ്ട് ഏതെന്ന് തിരിച്ചറിയാൻ നിലവിൽ മാർഗ്ഗമില്ലാത്തതുമൂലവും വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകുന്ന സഹായങ്ങൾ തെറ്റായ അക്കൗണ്ടിലേയ്ക്ക് പോയാലും തിരിച്ചറിയാൻ മാർഗ്ഗമില്ലാത്തതിലും മനപ്പൂർവ്വമല്ലാതെ പിഴവുകൾ സംഭിവാക്കാനും മനപ്പൂർവ്വമായി പണം തിരിമറി നടത്താനുമുള്ള സാധ്യതകളിലേയ്ക്ക് ഇത് വിരൽ ചൂണ്ടുന്നു. ഇക്കാര്യത്തിൽ പരിഹാര നടപടികൾക്ക് സർക്കാരിന്റ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും നിർവ്വഹണോദ്യോഗസ്ഥർ കൂടുതൽ ജാഗ്രതയോടെ തുക കൈമാറൽ നടത്തേണ്ടതുമാണ്. (12384+13068) ₹25452 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 പഠനമുറി നിർമ്മാണം (എസ്.ടി.) മുൻകൂർ തുക കൈപ്പറ്റിയിട്ട് നിർമ്മാണം ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 210/22 (വികസന ഫണ്ട് -ടി എസ് പി) |

| | |
|---|---|
| ബിൽ നമ്പർ | 21100352014101294226/10.03.22. ₹146700 |

എസ്. ടി. വിഭാഗത്തിൽപെട്ട ശക്തി എം. S/O സുരേഷ്, സ്റ്റാൻഡേർഡ്-1, മിഥുൻ ഡി. S/O ദുരൈരാജ്, സ്റ്റാൻഡേർഡ്-2 എന്നീ വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണത്തിനാണ് മേൽ ബിൽ പ്രകാരമുള്ള തുക മുൻകൂറായി നൽകിയിട്ടുള്ളത്. രണ്ട് ഗുണഭോക്താക്കൾക്കും ₹73350/-വീതമാണ് നൽകിയിരിക്കുന്നത്. എന്നാൽ നാളിതുവരെ പഠനമുറി നിർമ്മാണം നടത്തിയിട്ടില്ല എന്നുമാത്രമല്ല 2022-23 വർഷം ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കിയിട്ടുമില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/11.04.2023 ന് ലഭിച്ച മറുപടിയിൽ ശക്തി എം. S/O സുരേഷ് എന്ന ഗുണഭോക്താവിന്റെ പഠനമുറിയുടെ നിർമ്മാണം ആരംഭിച്ചു എന്നും രണ്ടാമത്തെ ഗുണഭോക്താവ് നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നും അറിയിച്ചിരിക്കുന്നു. മാത്രമല്ല 2023-24 പ്രോജക്ടിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു. എന്നാൽ ഇതു തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖയും ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായുള്ള ₹146700/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്.

1-19 മൂന്നാർ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി തെരുവുവിളക്ക് സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

മൂന്നാർ ടൗൺ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനും 1 മുതൽ 21 വരെ വാർഡുകളിലെ തെരുവുവിളക്ക് മെയിന്റനൻസ് നടത്തുന്നതിനുമായി 7 വ്യത്യസ്ത പദ്ധതികൾ തയ്യാറാക്കി സെക്രട്ടറി നിർവ്വഹണം നടത്തിയിരിക്കുന്നു. താഴെ സൂചിപ്പിക്കുന്നവയാണ് ഈ പദ്ധതികൾ.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്/ പ്രോജക്ട് നം. | അടങ്കൽ തുക ₹ | ചെലവഴിച്ച തുക ₹ | ബിൽ/ വൗച്ചർ നമ്പർ/തീയതി |
|---|---|---|---|---|
| 1 | മൂന്നാർ ടൗൺ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്/ പ്രോജക്ട് നമ്പർ 146/22 | 500000 | 411900 | XVFC/2021-22 /P12/4.3.2022 ₹40600/- XVFC/2021-22/P13/8.3.2022 ₹172200/- XVFC/2021-22 /P13/10.3.2022 ₹199100/- |
| 2 | മുന്നാർ പഞ്ചായത്തിലെ 1 മുതൽ 4 വരെ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകളിൽ തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ പ്രോജക്ട് നമ്പർ 228/22 | 428840 | 396270 | XVFC/2021-22/P/5 തീ.10.02.22 |
| 3 | മുന്നാർ പഞ്ചായത്തിലെ 5 മുതൽ 8 വരെ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകളിൽ തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ പ്രോജക്ട് നമ്പർ 229/22 | 428840 | 396270 | XVFC/2021-22/P/6 Dt.10.02.22 |
| 4 | മുന്നാർ പഞ്ചായത്തിലെ 9 മുതൽ 12 വരെ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകളിൽ തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ. പ്രോജക്ട് നമ്പർ 230/22 | 428840 | 396270 | XVFC/2021-22/P/8 തീ.14.02.22 |
| 5 | മുന്നാർ പഞ്ചായത്തിലെ 13 മുതൽ 16വരെ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകളിൽ തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ. പ്രോജക്ട് നമ്പർ 231/22 | 428840 | 396270 | XVFC/2021-22/P/9 തീ.10.02.22 |
| 6 | മുന്നാർ പഞ്ചായത്തിലെ 17 മുതൽ 19 വരെ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകളിൽ തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ. പ്രോജക്ട് നമ്പർ 232/22 | 321630 | 320640 | XVFC/2021-22/P/10 തീ.17.02.22 |
| 7 | മുന്നാർ പഞ്ചായത്തിലെ 20 മുതൽ 21 വരെ വാർഡുകളിൽ വൈദ്യുതി പോസ്റ്റുകളിൽ തെരുവുവിളക്ക് മാറ്റി സ്ഥാപിക്കൽ. പ്രോജക്ട് നമ്പർ 233/22 | 214420 | 193395 | XVFC/2021-22/P/3 തീ.07.02.22 |
| | | 2751410 | 2470415 | |

ക്രമ നം. 1 പ്രകാരമുള്ള പദ്ധതിയിൽ 7 ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസും മൂന്നാർ ടൗണിലെ തെരുവുവിളക്കുകളുടെ മെയിന്റനൻസുമാണ് ഉൾപ്പെടുന്നത്. മറ്റ് 6 പദ്ധതികളിൽ 21 വാർഡുകളിലെ തെരുവുവിളക്കുകളുടെ മെയിന്റനൻസ് ആണ് ഉൾപ്പെടുന്നത്.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണിയും സംരക്ഷണവും മാർഗ്ഗരേഖ 2011 (16.09.2011ലെ 3055/ഡി .എ. 3/2011)ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തെരുവുവിളക്കുകളുടെ പരിപാലനവും അറ്റകുറ്റപ്പണിയും നടപ്പിലാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 29.05.2018ലെ 269/ഡി എ 3/2018 സർക്കുലറിൽ നിർദ്ദേശമുണ്ട്. ഇതുപ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

1. വാർഡടിസ്ഥാനത്തിലുള്ള തെരുവുവിളക്കുകളുടെ എണ്ണം സൂചിപ്പിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതുമൂലം ഏതൊക്കെ വാർഡിൽ എത്രയെണ്ണം വീതം സ്ഥാപിച്ചിരിക്കുന്നു എന്ന വ്യക്തമായ കണക്ക് പഞ്ചായത്തിലില്ല.

2. തെരുവുവിളക്കുകളുടെ പരാതി രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇതുമൂലം കേടായ ലൈറ്റുകളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു.

3. ഒടുക്കുന്ന വൈദ്യുതിചാർജ്ജ് ഏതൊക്കെ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളുടേതാണെന്നും ആയതിന്റെ തരം ഏതെന്നും തെരുവുവിളക്ക് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നില്ല.

4 . വിൽപ്പനാനന്തര സേവനം ഉറപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല.

5. ജി.ഒ.(എം.എസ്) നം. 13/2015 ഐ.റ്റി.ഡി. തീയതി. 12.05.2015 ഉത്തരവ് പ്രകാരം 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ വാങ്ങൽ നടപടികളും ഇ- ടെണ്ടർ മുഖേനയാണ് നടപ്പാക്കേണ്ടത്. ഇ- ടെണ്ടർ നടപടി ഒഴിവാക്കുന്നതിനായി ₹2751410/- ആകെ അടങ്കൽ തുക വരുന്ന ഒറ്റ പ്രോജക്ട് തയ്യാറാക്കുന്നതിനു പകരം 7 പദ്ധതികളായി മുറിച്ച് നടപ്പാക്കിയിരിക്കുന്നു.

അഞ്ച് ലക്ഷത്തിൽ അധികം അടങ്കലുള്ള പദ്ധതികൾ ഇ- ടെണ്ടർ നടപടികളിലൂടെ നടപ്പാക്കണമെന്ന സർക്കാർ നിർദ്ദേശം മറികടക്കുന്നതിനായി പദ്ധതിയെ 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള 7 പദ്ധതികളായി മുറിച്ച് നടപ്പാക്കിയിരിക്കുകയും അതിൽ 6 എണ്ണവും സിഡ്കോ മുഖേന നടപ്പാക്കുകയും ചെയ്തിരിക്കുന്നു. ഇതുവഴി ഇ-ടെണ്ടർ വഴിയുണ്ടാകുന്ന വർദ്ധിച്ച രീതിയുള്ള മത്സരം ഒഴിവാക്കി പദ്ധതി നടപ്പാക്കുകയും അതുവഴി പഞ്ചായത്തിനും സർക്കാരിനും ലാഭമുണ്ടാക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുകയും ചെയ്തു.

6. മത്സരം നടന്നു എന്ന പ്രതീതി സൃഷ്ടിച്ചിരിക്കുന്നു. ക്രമ നം. 2 മുതൽ 7 വരെയുള്ള എല്ലാ പദ്ധതികളിലും രണ്ട് പേർ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തിരിക്കുന്നത്. സിഡ്കോ സെയിൽസ് എംപോറിയം തിരുവനന്തപുരം, ഏഷ്യൻ മാർക്കറ്റിംഗ് മലപ്പുറം എന്നിവയാണ് ഈ സ്ഥാപനങ്ങൾ. മത്സരം നടന്നു എന്ന പ്രതീതി സൃഷ്ടിക്കുന്നതിനായി ഉയർന്ന നിരക്ക് രേഖപ്പെടുത്തിയിരിക്കുന്ന ഏഷ്യൻ മാർക്കറ്റിംഗ് മലപ്പുറത്തിന്റെ ടെണ്ടറുകൾ ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 36 വാട്ടിന്റെ എൽ ഇ ഡി സ്പോട്ട് ലൈറ്റിന് ₹1600/- എന്നത് താരതമ്യേന കൂടിയ നിരക്കായിട്ടും പ്രസ്തുത നിരക്കാണ് സിഡ്കോയ്ക്ക് അംഗീകരിച്ച് നൽകിയിരിക്കുന്നത്.

7. കരാറുകാരനുമായി തെരുവ് വിളക്ക് സ്ഥാപിക്കൽ സംബന്ധിച്ച് തയ്യാറാക്കിയിരിക്കുന്ന കരാർ ഭാഗികമായ വിവരങ്ങൾ മാത്രമുൾപ്പെട്ടതാണ്. പ്രിന്റ് ചെയ്ത് തയ്യാറാക്കിയ കരാറിൽ കരാർ നമ്പർ, അടങ്കൽ, തീയതി, കരാർ കാലാവധി എന്നിവയുൾപ്പെടെ അടിസ്ഥാന വിവരങ്ങൾ പോലും രേഖപ്പെടുത്തിയിട്ടില്ല.

8. പദ്ധതിയുടെ നടത്തിപ്പും വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരവും പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ടെണ്ടർ പ്രകാരമുള്ള ഇനങ്ങളാണോ വിതരണം നടത്തിയിരിക്കുന്നത് എന്നതുപോലും ഉറപ്പാക്കിയിട്ടില്ല.

9. ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ലഭിച്ച സാധനങ്ങളുടെ തരം, എണ്ണം എന്നിവ പഞ്ചായത്തോ ഉചിതമായ അധികാരിയോ ഉറപ്പാക്കിയിട്ടില്ല. സിഡ്കോയുടെ ഇൻവോയ്സുകൾ പ്രകാരമുള്ള തുക നൽകുക മാത്രമാണ് നിലവിൽ ചെയ്തിരിക്കുന്നത്.

10. തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ വാർഡ് തിരിച്ച് രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കൃത്യമായി എത്ര എണ്ണം ആവശ്യമാണ് എന്ന് നിർണ്ണയിക്കാതെയാണ് സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്.

11. പദ്ധതി പ്രകാരം സാധനങ്ങൾ വിതരണം നടത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പഞ്ചായത്തിന്റെ ചുമതലയായതിനാൽ 36 വാട്ടിന്റെ എൽ ഇ ഡി സ്പോട്ട് ലൈറ്റിന് ₹1600/-എന്നത് ഉയർന്ന നിരക്കാണ്. മാത്രമല്ല ടെണ്ടർ നോട്ടീസ് പ്രകാരം 1 വർഷത്തെ വാറണ്ടി മാത്രമാണ് ഉറപ്പാക്കിയിരിക്കുന്നത് എന്നതിനാൽ ഓരോ വർഷവും തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി മാത്രം ഇത്രയും ഭീമമായ തുക ചെലവഴിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തികാവസ്ഥയുടെ ഭദ്രതക്ക് ആശാസ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നമ്പർ 23/18.04.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ഉത്തമ താൽപര്യങ്ങൾ മാത്രം പരിഗണിച്ച് തുടർന്ന് പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 നിക്ഷേപപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

വൈദ്യുതി ലൈൻ ദീർഘിപ്പിക്കലിനായി കെ.എസ്.ഇ.ബി, കെ.ഡി.എച്ച്.പി. എന്നിവയ്ക്ക് തുക കൈമാറിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന നിക്ഷേപപ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് വിവരം | തുക ₹ | നിക്ഷേപം സ്വീകരിച്ച സ്ഥാപനം |
|---|---|---|---|
| 1 | മൂന്നാർ കോളനി റോഡ് പോസ്റ്റ് ലൈൻ എക്സ്റ്റെൻഷൻ ആന്റ് ലൈറ്റിംഗ് – പ്രോജക്ട് നം. 141/21-22 | 710874 | കെ.എസ്.ഇ.ബി. ലിമിറ്റഡ് |
| 2 | എം ജി കോളനി പോസ്റ്റ് ലൈൻ എക്സ്റ്റെൻഷൻ ആന്റ് ലൈറ്റിംഗ് – പ്രോജക്ട് നം. 142/21-22 | 500000 | കെ എസ് ഇ ബി ലിമിറ്റഡ് |
| 3 | ഐ റ്റി പി ഇലക്ട്രിക്കൽ പോസ്റ്റ് ലൈൻ എക്സ്റ്റെൻഷൻ ആന്റ് ലൈറ്റിംഗ് -പ്രോജക്ട് നം. 110/21-22 | 550000 | കെ ഡി എച്ച് പി കമ്പനി ലിമിറ്റഡ് |
| 4 | ബാലൻ ടീ ഷോപ്പ് മുതൽ ഡാം വരെ ലൈൻ എക്സ്റ്റെൻഷൻ144/22 | 500000 | കെ ഡി എച്ച് പി കമ്പനി ലിമിറ്റഡ് |

പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിലെ ആകെ ചെലവ് തുക ₹2260874/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത

പദ്ധതികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-21 പച്ചക്കറി വിത്ത് വിതരണം-അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് പച്ചക്കറി വിത്ത് വിതരണം ചെയ്യുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന രണ്ട് പ്രോജക്ടുകളിലായി VFPCK ഇടുക്കിയിൽ നിന്നും വിത്ത് വാങ്ങിയ ഇനത്തിൽ ₹28,15,000/- ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ ₹ | ബിൽ റഫറൻസ് നം./തിയതി | തുക ₹ |
|---|---|---|---|
| പച്ചക്കറി വിത്ത് വിതരണം-എസ്.സി | 2000000 | 21100352009701435528/24.03.2022 | 2000000 |
| പച്ചക്കറി വിത്ത് വിതരണം | 815000 | 21100352009701435561/24.03.2023 | 815000 |

14.02.2018-ലെ സ.ഉ(സാധാ) നം.22/2018 സബ്സിഡി മാർഗ്ഗരേഖയിലെ 6.1.4 ഖണ്ഡിക പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും നിശ്ചയിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പാട്ടകൃഷി ചെയ്യുന്ന ഭൂമിയുടെ സംഗതിയിൽ ഉടമസ്ഥന്റെയും കൃഷി ഓഫീസറുടെയും സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിലാകണം ആനുകൂല്യം നൽകേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. പച്ചക്കറി വിത്ത് ആവശ്യമുള്ള ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷ, പാട്ടകൃഷിയുടെ ആവശ്യമായ രേഖകൾ എന്നിവ ഫയലിൽ ഇല്ല.

സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും നിശ്ചയിക്കേണ്ടതെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, എല്ലാ ഗുണഭോക്താക്കൾക്കും 1.5 കിലോഗ്രാം (അരക്കിലോ വീതം മുരിങ്ങബീൻസ്, ബട്ടർ ബീൻസ്, സോയ ബീൻസ്) പച്ചക്കറി കിറ്റാണ് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും സ്വന്തമായി കൃഷിഭൂമിയില്ലാത്തവരും കണ്ണൻദേവൻ കമ്പനി നൽകിയിട്ടുള്ള കുറച്ച് സ്ഥലത്ത് കൃഷി ചെയ്യുന്നവരുമാണ്. 5 മുതൽ 10 സെന്റുവരെ ഭൂമിയാണ് കമ്പനി അനുവദിച്ച നൽകിയിട്ടുള്ളത്. 10 സെന്റിലധികം ഭൂമിയുള്ള കുടുംബങ്ങളുടെ എണ്ണം നാമമാത്രമാണ്. 5 മുതൽ 10 സെന്റുവരെ കൃഷിയിടത്തിൽ കൃഷി ചെയ്യുന്നതിന് 1.5 കിലോ വിത്തിന്റെ ആവശ്യകതയില്ല. കൃഷി ചെയ്യുന്നതിനുള്ള കൃഷിഭൂമിയുടെ ലഭ്യത ഉറപ്പാക്കാതെയാണ് പച്ചക്കറി വിത്തുകൾ പഞ്ചായത്ത് വിതരണം ചെയ്തിട്ടുള്ളത്.

ശീതകാല പച്ചക്കറി വിത്തിനങ്ങളായ മുരിങ്ങബീൻസ്, ബട്ടർ ബീൻസ്, സോയ ബീൻസ് എന്നിവയാണ് കൃഷി ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുള്ളത്. കൃഷി ഓഫീസറുടെ 22.02.2022-ലെ MNR-02/2022 സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ച് മാസമാണ് വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത്. സെപ്റ്റംബർ മുതൽ ജനവരി വരെയാണ് ശീതകാല പച്ചക്കറി കൃഷിയുടെ സീസൺ. എന്നാൽ, സീസൺ കഴിഞ്ഞതിനു ശേഷം മാത്രമാണ് വിത്തുകൾക്ക് സപ്ലൈ ഓർഡർ നൽകിയത്. കൃഷി ചെയ്യേണ്ട സീസണിൽ വിത്ത് വിതരണം ചെയ്യാത്തതിനാൽ അടുത്ത സീസൺ വരെ കൃഷി ആരംഭിക്കുന്നതിന് വിത്തുകൾ സൂക്ഷിച്ച വയ്ക്കേണ്ടതുണ്ട്. പ്രതികൂല കാലാവസ്ഥ, വിത്തുകൾ സുരക്ഷിതവും കേടുകൂടാതെയും സൂക്ഷിക്കുന്നതിനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത എന്നിവ കാരണം വിത്തുകൾ നശിക്കുന്നതിന് ഇടയാകും.

രണ്ട് പ്രോജക്ടുകളിലായി 4222.5 കിലോഗ്രാം (2815 * 1.5) പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. വിത്തുകൾ വിതരണം ചെയ്തതിന്റെ അളവ് പരിഗണിയ്ക്കുകയാണെങ്കിൽ പച്ചക്കറികൾ വിപണനം ചെയ്യുന്നതിനുള്ള അളവിൽ കൃഷി ചെയ്യേണ്ടതാണ്. എന്നാൽ വട്ടവട, കാന്തല്ലൂർ മേഖലകളിൽ വി.എഫ്.പി.സി.കെ. യും മറ്റ് ഏജൻസികളും മുഖേന വിളവെടുത്ത പച്ചക്കറികളുടെ കേന്ദ്രീകൃത ശേഖരണവും വിതരണവും നടത്തുന്നതു പോലെ മൂന്നാറിൽ നടത്തുന്നില്ല. അതിനാൽ, പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് സാധിക്കില്ല. കൂടാതെ, കൃഷിവകുപ്പിന്റെ അഗ്രികൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2021-22 റിപ്പോർട്ട്, ഹരിതകേരളം മിഷന്റെ കാർഷിക ക്ലസ്റ്റർ എന്നിവ പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് ശീതകാല പച്ചക്കറി കൃഷി നടത്തുന്ന പ്രദേശമല്ല. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/13.04.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹2815000/- തടസപ്പെടുത്തുന്നു. വിതരണം ചെയ്ത പച്ചക്കറി വിത്തുകൾ കൃഷി ചെയ്തതും പച്ചക്കറിയുടെ വിപണനവും സംബന്ധിച്ച ആധികാരിക രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ പച്ചക്കറി വിത്തുകളുടെ വിതരണം നടത്തുന്നതിനും ഉദ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികളുടെ ശേഖരണം, വിതരണം എന്നിവ ഉറപ്പാക്കുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

### 1-22 വനിത ഗ്രൂപ്പുകൾക്ക് സ്പ്രെയറുകൾ വിതരണം-സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വനിത ഗ്രൂപ്പുകൾക്ക് സ്പ്രെയറുകൾ വിതരണം ചെയ്യുന്നതിന് റെയ്ഡ്കോ കേരളയിൽ നിന്നും സ്പ്രെയർ വാങ്ങിയയിനത്തിൽ രണ്ട് പ്രോജക്ടുകളിലായി ₹949060/- ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട്/നം. | അടങ്കൽ തുക ₹ | ബിൽ നം./തിയതി | തുക ₹ |
|---|---|---|---|
| വനിത ഗ്രൂപ്പുകൾക്ക് സ്പ്രെയർ വിതരണം (207/2022) | 750000 (വികസന ഫണ്ട്-എസ്.സി.പി) | 21100352009701389170/23.03.2022 | 578560 |
| | | 21100352009701473519/23.03.2022 | 102400 |
| | 834000 (ഗുണഭോക്തൃവിഹിതം) | 22101343/339212/26.03.2022 | 11600 |
| വനിത ഗ്രൂപ്പുകൾക്ക് സ്പ്രെയർ വിതരണം (82/2022) | 300000 (വികസന ഫണ്ട്-പൊതുവിഭാഗം) | 21100352009701389172/23.03.2023 | 230400 |
| | 30000 (ഗുണഭോക്തൃവിഹിതം) | 22101342/339212/26.03.2022 | 26100 |

14.02.2018ലെ സ.ഉ(സാധാ) നം.22/2018 സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

1. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷികസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷക സംഘങ്ങൾ, പുരുഷ സ്വയം സഹായസംഘങ്ങൾ എന്നിവയ്ക്ക് നൽകാം.

2. തദ്ദേശഭരണസ്ഥാപനതലത്തിൽ കൃഷിഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടത്.

3. യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കു എന്നും സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറവ് വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥ വേണം.

4. സമിതികൾക്ക്/സംഘങ്ങൾക്ക് നൽകുന്ന യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണം. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ നടത്തേണ്ടതാണ്. ഇത് ബന്ധപ്പെട്ട കൃഷി ഓഫീസർ ഉറപ്പാക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട് വികസന സ്റ്റാന്റിംഗ് കമ്മറ്റിക്കു നൽകണം.

5. യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം സമിതി/സ്ഥാപനത്തിനുമായിരിക്കും യന്ത്രങ്ങളുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്ത്/നഗരഭരണ സ്ഥാപനം ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയുടെ ചെയർപേഴ്സൺ തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷനും കൺവീനർ ബന്ധപ്പെട്ട കൃഷി ഓഫീസറും ആയിരിക്കേണ്ടതാണ്.

6. യന്ത്രങ്ങൾ/ഉപകരണങ്ങൾ കരാർ ഉടമ്പടി വെച്ച് നടത്തിപ്പിനായി സമിതികളെ ഏൽപ്പിക്കാവുന്നതാണ്. വേണമെങ്കിൽ സ്വന്തം ആവശ്യത്തിനു വേണ്ടി കർഷകർക്ക് നേരിട്ടും ഈ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നല്കാവുന്നതാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത്/നഗരസഭാതല സമിതി സൂക്ഷിക്കേണ്ടതാണ്.

7. സമിതികൾ മുഖേനയോ നേരിട്ടോ കർഷകർക്ക് ലഭ്യമാക്കുന്നതായ എല്ലാ യന്ത്രോപകരണങ്ങളുടെയും വാടക നിരക്ക് ജില്ലാതലത്തിൽ തീരുമാനിക്കണം. ഈ സമിതി നിശ്ചയിച്ച വാടകനിരക്കിൽ യന്ത്രോപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ ഏറ്റെടുക്കുന്ന സമിതികൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

8. നിലവിലുള്ള യന്ത്രോപകരണങ്ങൾ ഉപയോഗപ്പെടുത്താതെ വീണ്ടും അപ്രകാരമുള്ളവ വാങ്ങാൻ പാടില്ല. വാങ്ങിയ യന്ത്രോപകരണങ്ങൾ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഈ മാനദണ്ഡങ്ങൾ പാലിച്ചതായുള്ള യാതൊരു രേഖയും ഫയലിൽ ലഭ്യമല്ല.

സ്പ്രേയറുകൾ വിതരണം ചെയ്തിട്ടുള്ള സംഘങ്ങളുടെ രജിസ്ട്രേഷൻ, സംഘങ്ങളുമായുള്ള കരാർ തുടങ്ങി മേൽ പരാമർശിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായ യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/17.04.2023) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടുകൾക്കായി ചെലവഴിച്ച ₹949060/- തടസപ്പെടുത്തുന്നു.

1-23 പഞ്ചായത്ത് ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 61/22, പഞ്ചായത്ത് ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | ₹300000/- (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ- സി.എച്ച്.സി. |
| ബിൽ റഫറൻസ്ഡ് നം./തീയതി/ തുക | 2110035201550182821/8.2.22/ ₹300000/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്ത് ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് ₹300000/- കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. പണം നൽകി ഒരു വർഷത്തിന് ശേഷവും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. നാളിതുവരെ വിവിധ ഘട്ടങ്ങളിലായി ₹280913/- യുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. മരുന്ന് പൂർണ്ണമായും ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-24 ലൈഫ്ഭവനപദ്ധതി ₹10203800/- പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രമവിരുദ്ധമായി നിക്ഷേപിച്ചിരിക്കുന്നു.

ലൈഫ് ഭവനപദ്ധതി പ്രകാരം രണ്ട് പ്രോജക്ടുകളിലായി ₹10203800/- പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ ക്രമവിരുദ്ധമായി നിക്ഷേപിച്ചിരിക്കുന്നു. പ്രോജക്ട് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് | ചെലവ് ₹ |
|---|---|
| ലൈഫ് ഭവനപദ്ധതി (9/2022) | 5582800 |
| ലൈഫ് ഭവനപദ്ധതി (21/2022) | 4771000 |
| ആകെ | 10353800 |

പ്രോജക്ടുകൾക്കായി ചുവടെ കൊടുത്തിരിക്കുന്ന തുകകൾ പിൻവലിച്ച് ഫെഡറൽ ബാങ്ക് മൂന്നാർ ശാഖയിലെ സെക്രട്ടറിയുടെ പേരിലുള്ള 10100200008080 എന്ന അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

| ബിൽ നം./തിയതി | തുക (₹) | തുക നിക്ഷേപിച്ച തിയതി |
|---|---|---|
| 21100352015601176235/23.02.2022 | 4842800 | 24.02.2022 |
| 21100352015601176248/23.02.2022 | 4460000 | 24.02.2022 |
| 21100352015601330113/16.03.2022 | 271000 | 21.03.2022 |
| 21100352015601330100/15.03.2022 | 630000 | 28.03.2022 |
| ആകെ | 10203800 | |

തോട്ടം മേഖലയിലെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് സ്വന്തമായി ഭൂമി ലഭ്യമല്ലാതിരിക്കുകയും എന്നാൽ അതേ ജില്ലയിലെ മറ്റൊരു തദ്ദേസസ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ലഭിക്കുകയും ചെയ്താൽ ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ധനസഹായം നൽകേണ്ടതാണെന്ന് 12/02/2022ലെ ഡിബി.1/19/2022/തസ്വഭവ സർക്കുലർ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭൂമിയില്ലാത്തതിനാൽ ഭവനനിർമ്മാണം നടത്തുവാൻ സാധിക്കാത്ത 4465 ഗുണഭോക്താക്കൾ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കുലറിന്റെ അടിസ്ഥാനത്തിൽ മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി ₹10203800/- പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള കറന്റ് അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപിച്ച തുകയിൽ നിന്നും ₹24,80,000/- മറയൂർ ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്കും ₹1092541/- വി.ഇ.ഒ-യുടെ അക്കൌണ്ടിലേയ്ക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ബാങ്ക് അക്കൌണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ ഓഡിറ്റ് വേളയിൽ സെക്രട്ടറിയുടെ പേരിലുള്ള ഈ അക്കൌണ്ടിൽ ₹6631259/- നീക്കിയിരിപ്പ് ഉണ്ട്.

ഭൂമിയില്ലാത്തതിനാൽ ഭവനനിർമ്മാണം നടത്തുവാൻ സാധിക്കാത്ത 4465 ഗുണഭോക്താക്കളിൽ സമീപ ഗ്രാമപഞ്ചായത്തുകളിൽ ഭൂമി ലഭ്യമായ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഫയലിലില്ല. ഗുണഭോക്താക്കളുടെ എണ്ണം നിർണ്ണയിക്കാതെയും ഭവനത്തിന്റെ ഓരോ സ്റ്റേജിനും ആവശ്യമായ തുക നിർണ്ണയിക്കാതെയുമാണ് തുക പിൻവലിച്ചിട്ടുള്ളത്. 16.11.2017ലെ സ.ഉ(അ)147/2017/ധന ഉത്തരവ് പ്രകാരം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് മാത്രമേ തുക ട്രാൻഫർ ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, തുക പിൻവലിച്ച് സെക്രട്ടറിയുടെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത് സെക്രട്ടറിയുടെ അക്കൌണ്ടിൽ നിന്നും വി.ഇ.ഒ-യുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ള ₹1092541/- ലൈഫ് ഭവനപദ്ധതിയ്ക്കായി സ്ഥലം വാങ്ങിയയിനത്തിൽ നൽകിയിട്ടുള്ളതാണ്.

ലൈഫ് ഭവനപദ്ധതിയ്ക്കായി മറയൂർ ഗ്രാമപഞ്ചായത്തിന് ₹2480000/- ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും തുക ആവശ്യപ്പെട്ടുകൊണ്ട് മറയൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ഡിമാന്റ് ലഭിച്ചിട്ടില്ല. മറയൂർ ഗ്രാമപഞ്ചായത്തിൽ ഭവനനിർമ്മാണത്തിന് സ്ഥലം ലഭ്യമായ മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരുടെ വിശദാംശങ്ങൾ ശേഖരിച്ച് ആവശ്യമുള്ള തുക കൈമാറുന്നതിനു പകരം ഡിമാന്റ് നോട്ടീസ് പോലും വാങ്ങാതെ തുക ട്രാൻസ്ഫർ ചെയ്തത് ക്രമവിരുദ്ധമാണ്.

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ₹10203800/- പിൻവലിച്ചെങ്കിലും ₹6631259/- നിലവിൽ നീക്കിയിരിപ്പുണ്ട്. വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ വലിയ തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിൽ നിക്ഷേപിച്ചത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധവും പൊതുപണത്തിന്റെ ദുർവ്യയവുമാണ്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 22/13.04.2023)മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾക്കായി പിൻവലിച്ച ₹10203800/- ചെലവ് തടസപ്പെടുത്തുന്നു. ക്രമവിരുദ്ധമായി തുക പിൻവലിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിൻവലിച്ച തുക കൃത്യമായി വിനിയോഗിച്ചതിന്റെ വിശദമായ റിപ്പോർട്ട് അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്ക് നൽകേണ്ടതാണ്.

### 1-25 ഭവനം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി വി.ഇ.ഒ-യുടെ അക്കൌണ്ടിൽ ക്രമവിരുദ്ധമായി തുക നിക്ഷേപിച്ചു

ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനം നിർമ്മിക്കുന്നതിന് ഭൂമി വാങ്ങുന്നതിനായി രണ്ട് പ്രോജക്ടുകളിലായി ചുവടെ കൊടുത്തിരിക്കുന്ന തുകകൾ പിൻവലിച്ച് കേരള ബാങ്ക് മൂന്നാർ ശാഖയയിലെ വി.ഇ.ഒ-യുടെ പേരിലുള്ള 12005120120016 അക്കൌണ്ടിൽ ക്രമവിരുദ്ധമായി നിക്ഷേപിച്ചിരിക്കുന്നു.

| ബിൽ നം./തിയതി | തുക (₹) | തുക നിക്ഷേപിച്ച തിയതി | വിഹിതം |
|---|---|---|---|
| Nil/31.03.2022 | 3600000 | 31.03.2022 | ദേവികുളം ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| Nil/31.03.2022 | 4200000 | 31.03.2022 | |
| ആകെ | 7800000 | | |

16.11.2017ലെ സ.ഉ(അ)147/2017/ധന ഉത്തരവ് പ്രകാരം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് മാത്രമേ തുക ട്രാൻഫർ ചെയ്യാവൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, മേൽ ഉത്തരവിലെ നിർദേശങ്ങൾക്ക് വിരുദ്ധമായാണ് തുക പിൻവലിച്ച് വി.ഇ.ഒ-യുടെ പേരിലുള്ള അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്. വി.ഇ.ഒ-യുടെ അക്കൌണ്ടിൽ നിന്നും വിവിധ അവസരങ്ങളിലായി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും വ്യക്തികളുടെ വിശദാംശങ്ങൾ ഫയലിൽ ഇല്ല. ഫയലുകൾ അപൂർണ്ണമായതിനാൽ ആനുകൂല്യത്തിന് അർഹതയുള്ള ഗുണഭോക്താക്കളുടെ വിവരങ്ങൾ, സ്ഥലം നൽകിയ ആളുകളുടെ വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തതിന്റെ വിവരങ്ങൾ എന്നിവ വ്യക്തമല്ല. മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയതെന്നുറപ്പിക്കുന്ന രേഖകൾ ഫയലിലില്ല.

വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ വലിയ തുക പിൻവലിച്ച് വി.ഇ.ഒ.യുടെ പേരിലുള്ള അക്കൌണ്ടിൽ നിക്ഷേപിച്ചത്

സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധവും പൊതുപണത്തിന്റെ ദുർവ്യയവുമാണ്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 21/13.04.2023) മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകൾക്കായി പിൻവലിച്ച ₹7800000/- ചെലവ് തടസപ്പെടുത്തുന്നു. ക്രമവിരുദ്ധമായി തുക പിൻവലിച്ചതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിൻവലിച്ച തുക കൃത്യമായി വിനിയോഗിച്ചതിന്റെ വിശദമായ റിപ്പോർട്ട് അനുബന്ധ രേഖകൾ സഹിതം പരിശോധനയ്ക്ക് നൽകേണ്ടതാണ്.

1-26 മാലിന്യസംസ്കരണം ഫലപ്രദമല്ല

01.09.2016 മുതൽ പഞ്ചായത്ത് നേരിട്ട് നിർവ്വഹണം നടത്തുന്ന മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് എന്ന പദ്ധതിയിൽ മൂന്നാർ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി നിയോഗിച്ചിരിക്കുന്ന 70 താല്ക്കാലിക ജീവനക്കാർ മുഖേന ശേഖരിക്കുന്ന ജൈവ/അജൈവമാലിന്യങ്ങൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്കെടുക്കുന്നതുമായ വാഹനങ്ങളിൽ കല്ലാറിലുള്ള പഞ്ചായത്തിന്റെ കൈവശത്തിലുള്ള മാലിന്യ സംസ്കരണ സ്ഥലത്തേക്ക് കൊണ്ടുപോയി സംസ്കരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽ ഉൾപ്പെട്ട മാലിന്യസംസ്കരണത്തിൽ ഗുരുതരമായ വീഴ്ചകൾ ഉണ്ടായിരിക്കുന്നു.

1. പദ്ധതി പ്രകാരം ഹോട്ടലുകൾ, റിസോർട്ടുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ യൂസർ ഫീ വാങ്ങുന്നതിന് വ്യവസ്ഥയുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മാലിന്യം ശേഖരിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കിയിട്ടില്ല. കേവലം നൂറിനടുത്ത് സ്ഥാപനങ്ങളിൽ നിന്നുമാണ് 2021-22 ൽ യൂസർ ഫീസ് ഈടാക്കിയിട്ടുള്ളത്.
2. ഗ്രാമപഞ്ചായത്ത് അച്ചടിച്ച് നൽകിയിട്ടുള്ള രസീത് ബുക്ക് ഉപയോഗിച്ച് താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജോലിക്കാർ മുഖനയാണ് പിരിവ് നടത്തുന്നത്. സർക്കാർ പ്രസിൽ നിന്നും അച്ചടിക്കുന്നതിനു പകരം സ്വകാര്യ പ്രസിൽ നിന്നുമാണ് രസീത് ബുക്കുകൾ അച്ചടിച്ചിട്ടുള്ളത്. ഇതുമൂലം രസീതുബുക്കുകൾ അനധികൃതമായി ഉപയോഗിക്കുന്നതിന് സാധ്യതയുണ്ട്. ഡ്യൂപ്ലിക്കേറ്റ് രസീതുകളിൽ ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിപ്പിച്ചിട്ടില്ല.
3. പണപ്പിരിവ് സംബന്ധിച്ച് കൃത്യമായ ഡിമാന്റ്, കളക്ഷൻ വിവരം സൂക്ഷിച്ചിട്ടില്ല. 2021-22 വർഷം ഓരോ സ്ഥാപനത്തിൽ നിന്നും ഈടാക്കിയ തുകയുടെ വിവരം ലഭ്യമല്ല. ₹200/- മുതൽ ₹4000/- വരെയുള്ള തുകയാണ് പ്രതിമാസ യൂസർ ഫീ. എന്നാൽ, യൂസർ ഫീ സ്ലാബുകൾ നിശ്ചയിച്ചതിനെ സാധൂകരിക്കുന്ന ആധികാരിക രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. യൂസർ ഫീ ഇനത്തിൽ 2021-22ൽ ₹10,77,721/- മാത്രമാണ് ലഭിച്ചിട്ടുള്ളത്. കൃത്യമായ ഡിമാന്റ് കണക്കുകളില്ലാത്തതിനാൽ യൂസർഫീ ഇനത്തിൽ പഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. ടൂറിസ്റ്റ് മേഖലയായ മൂന്നാറിൽ വലിയ നിരക്കുകൾ ഈടാക്കി പ്രവർത്തിക്കുന്ന ഹോട്ടലുകൾ/റിസോർട്ടുകൾ/ഹോംസ്റ്റേകൾ എന്നിവയിൽ നിന്നും നീതിയുക്തമായ യൂസർ ഫീ ഈടാക്കി മാലിന്യ സംസ്കരണ പദ്ധതി നടപ്പാക്കേണ്ടതാണ്.
4. മാലിന്യം നീക്കം ചെയ്യുന്നതിനായി ടിപ്പർ ലോറി, ട്രാക്ടർ എന്നിവ വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല.
5. ടൗൺ ശുചീകരണത്തിന് പഞ്ചായത്തിലെ ഫുൾടൈം സ്വീപ്പർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നില്ല എന്നതും പദ്ധതിചെലവ് വർദ്ധിക്കുവാൻ ഇടവരുത്തുന്നു. മാലിന്യ സംസ്കരണത്തിനായി 70 താല്ക്കാലിക ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച കമ്മിറ്റി തീരുമാനം ലഭ്യമല്ല. പ്രവൃത്തിക്കാവശ്യമായ മനുഷ്യവിഭവശേഷി കണക്കാക്കി ജോലി വിഭജനം നിർവ്വചിക്കുന്നതിനുള്ള പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള ഫുൾ ടൈം സ്വീപ്പർമാരെ ഉപയോഗപ്പെടുത്താതെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും താല്ക്കാലിക ജീവനക്കാർ മുഖേനയാണ് നിർവഹിച്ചിട്ടുള്ളത്.
6. മാലിന്യ സംസ്കരണത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക സംബന്ധിച്ച കൃത്യമായ കണക്ക് പ്രത്യേകമായി സൂക്ഷിക്കുന്നില്ല.
7. ശുചീകരണ തൊഴിലാളികൾ ശേഖരിക്കുന്ന മാലിന്യം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വാടകയ്ക്കെടുക്കുന്നതുമായ വാഹനങ്ങളിൽ കല്ലാറിലുള്ള ഡമ്പിങ് യാർഡിൽ കൊണ്ടുപോയി നിക്ഷേപിക്കുകയാണ് ഈ വർഷം ചെയ്തിട്ടുള്ള മാലിന്യ നിർമ്മാർജ്ജന പ്രവൃത്തി. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ₹ 1,53,32,433/- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെങ്കിലും മാലിന്യ സംസ്കരണയജ്ഞത്തിൽ ഏറെ പിന്നിലാണ് ഗ്രാമപഞ്ചായത്ത്.
8. മാലിന്യങ്ങൾ ജൈവം, അജൈവം എന്നിങ്ങനെ തരം തിരിക്കാതെ ഡമ്പിങ് യാഡിൽ നിക്ഷേപിക്കുക വഴി ഇവ കുമിഞ്ഞു കൂടി സമീപത്തുള്ള അരുവി മലിനപ്പെട്ട് പരിസ്ഥിതിക്ക് നാശം സംഭവിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. പകർച്ച വ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യവും നിലവിലുണ്ട്. ഡമ്പിങ് യാർഡ് കണ്ണൻ ദേവൻ-റ്റാറ്റാ റ്റീ കമ്പനിയുടെ എസ്റ്റേറ്റിന് ഉള്ളിലായാണ് സ്ഥിതി ചെയ്യുന്നത്.
9. വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ പഞ്ചായത്തുവക ഫാമിലെ പന്നികൾക്ക് ആഹാരമായും ബാക്കി വരുന്നവ വിൻഡോ കമ്പോസ്റ്റാക്കി വിൽക്കാനും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് വലിയ ബാഗുകളിൽ സംഭരിച്ച് വിറ്റഴിക്കാനുമാണ് പദ്ധതിയിട്ടിരുന്നത്. പന്നിഫാം നിലവിൽ പ്രവർത്തിക്കുന്നില്ല. ജൈവനമാലിന്യങ്ങൾ സംസ്കരിച്ച് ജൈവവളം ഉണ്ടാക്കുന്നുണ്ടെങ്കിലും പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതു കാരണം മാലിന്യംസംസ്കരണ പ്ലാന്റിനു ചുറ്റും മാലിന്യങ്ങൾ കുമിഞ്ഞു കൂടി കിടക്കുന്ന അവസ്ഥയാണുള്ളത്. കൂടാതെ, ജൈവവളങ്ങളുടെ വിപണനസാധ്യത പരിശോധിച്ച് തുടർനപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഉല്പാദിപ്പിച്ച വളങ്ങൾ പ്രയോജനരഹിതമായിരിക്കുകയാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വേർതിരിച്ച് ബെയിലിംഗ് നടത്തി സൂക്ഷിച്ചുള്ളത് നീക്കം ചെയ്യുന്നതിനോ സംസ്കരിക്കുന്നതിനോ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല. മാലിന്യങ്ങൾ കുമിഞ്ഞു കൂടിയതിനാൽ ആന, പന്നി മുതലായ വന്യമൃഗങ്ങളുടെ ശല്യവും നേരിടുന്നുണ്ട്.

യൂസർ ഫീ പിരിവ്, യൂസർ ഫീ അടയ്ക്കേണ്ട സ്ഥാപനങ്ങളുടെ ഡിമാന്റ് കണക്കുകൾ, ശുചീകരണ തൊഴിലാളികളുടെ നിയമനം, വാഹന വാടക ഉടങ്ങിയ വിഷയങ്ങളിലെ സുതാര്യതക്കുറവ് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ സംസ്കരണം ഫലപ്രദമായി നടത്തുന്നതിന് നിലവിലെ പ്രവർത്തനങ്ങൾ സത്യസന്ധമായി വിലയിരുത്തി മനുഷ്യവിഭവശേഷി പുനർനിർണ്ണയിച്ചും കാര്യക്ഷമവും ശാസ്ത്രീയവുമായ രീതികൾ അവലംബിക്കുന്നതിനും ഉടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 219 എ മുതൽ എക്സ് വരെ വകുപ്പുകൾ, 2016- ലെ കേന്ദ്ര ഖരമാലിന്യ മാനേജ്മെന്റ് ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമായ രീതിയിൽ നടത്തുന്നതിനുള്ള ഇടപെടൽ കുടിവെള്ളം-ശുചിത്വ വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്നില്ല. മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് സർക്കാരിന്റെ ഉത്തരവുകളും സർക്കുലറുകളും കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളും ആരോഗ്യ-വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ചർച്ച ചെയ്ത് ഫലപ്രദമായ മാർഗ്ഗങ്ങൾ കണ്ടെത്തി നിർവ്വഹണം ചെയ്യേണ്ടതാണ്.

1-26-1 മാലിന്യം നീക്കം ചെയ്യൽ പഞ്ചായത്തിന് വൻ ബാദ്ധ്യത

മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തൻ വർഷം ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പദ്ധതി, അടങ്കൽ, തുക | ചെലവ് തുക ₹ |
|---|---|---|
| 1 | ലെഗസി വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് നം.147/22 ₹10000000/- | 7936108 |
| 2 | മൂന്നാർ സോൺ വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് നം. 28/22 ₹10165750 | 1100100 |
| 3 | മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള മിഷന് തുക കൈമാറൽ ₹4885883 | 3085876 |
| ആകെ | | 12122084 |

1. നല്ലതണ്ണിയാറിന്റെ ഉത്ഭവസ്ഥാനമായ കല്ലാറിലുള്ള മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ മാലിന്യനിക്ഷേപ-സംസ്കരണ കേന്ദ്രത്തിന് സമിപത്തായി വർഷങ്ങളായി തരംതിരിക്കാതെ കൂട്ടിയിട്ടിരുന്ന മാലിന്യം നീക്കം ചെയ്യുന്നതിനാണ് ക്രമനമ്പർ 1 പ്രകാരമുള്ള പദ്ധതി നടപ്പാക്കിയത്. വർഷങ്ങളായി മാലിന്യ നിർമ്മാർജ്ജത്തിനായി കോടിക്കണക്കിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും മുൻവർഷങ്ങളിൽ ശേഖരിച്ച മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാത്തതുമൂലവും തരം തിരിക്കാത്തതുമൂലവുമാണ് 'ലെഗസി വേസ്റ്റ് മാനേജ്മെന്റിനായി 1 കോടി രൂപയുടെ പദ്ധതി രൂപീകരിച്ചതും ടെണ്ടർ പ്രകാരം സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തെ ₹9429330/-ക്ക് ചുമതലപ്പെടുത്തിയതും ആയതിൽ തൻവർഷം ₹7936108/- ചെലവഴിക്കാനിടയായതും.

2. ദൈനംദിന മാലിന്യസംഭരണവും നിക്ഷേപ കേന്ദ്രത്തിൽ എത്തിക്കലുമാണ് ക്രമനമ്പർ 2 പ്രകാരമുള്ള പദ്ധതിയിൽ ചെയ്യുന്നത്. പ്രധാനമായും മാലിന്യം ശേഖരിക്കുന്നതിന് ദിവസവേതനത്തിലുള്ള തൊഴിലാളികളുടെ കൂലി, ദിവസവേതനത്തിലുള്ള സൂപ്പർവൈസർമാരുടെ കൂലി, വാഹന വാടക, മാലിന്യം നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് വക വാഹനത്തിന്റെ ഇന്ധനച്ചെലവ് എന്നിവയാണ് ഈ പദ്ധതിയിൽ നിന്ന് ഉദ്ദേശിച്ചിരുന്നത്. ആകെ വകയിരുത്തിയിരുന്ന ₹10165750/- യിൽ പ്ലാൻഫണ്ടിൽ നിന്നുള്ള ₹1100100/-യുടെ ചെലവ് തുക മാത്രമാണ് സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് തൊഴിലാളികളുടെ രണ്ട് മാസത്തെ വേതനത്തിന്റെ ഒരു വിഹിതം മാത്രമാണ്. ഉടർന്നുള്ള മാസങ്ങളിൽ തനത്ഫണ്ടിൽ നിന്നാണ് തുക ചെലവ് ചെയ്തിരിക്കുന്നത്. തനത് ഫണ്ടിൽ നിന്നും ₹7393720/- യും ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത് ₹1500000/- യും ചെലവിനായി വകയിരുത്തിയിരുന്നു. എന്നാൽ സുലേഖ സോഫ്റ്റ് വെയറിൽ ഈ വിഹിതങ്ങളിലെ ചെലവ് ഉൾപ്പെടുത്താത്തതിനാലും പ്രോജക്ട് ഫയലിൽ തൊഴിലാളികളുടെ കൂലിയിനത്തിൽ നൽകിയ നാമമാത്ര ചെലവും മാത്രം ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ഈ പദ്ധതി പ്രകാരം ചെലവഴിച്ച യഥാർത്ഥ ചെലവ് ലഭ്യമല്ല. എന്നാൽ വാർഷികകണക്കിലെ RP 11 പ്രകാരം ദിവസവേതനത്തിന് നിയമിച്ച തൊഴിലാളികളുടെ കൂലി ഇനത്തിൽ മാത്രം (ഹെഡ് 210100201) ₹ 12531830/- യും RP-13 പ്രകാരം വാഹനം വാടകയ്ക്കെടുത്ത ഇനത്തിൽ (ഹെഡ് 230400101) ₹ 799409/-യും ചെലവുണ്ട്.

3. മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള മിഷന് തുക കൈമാറൽ എന്ന പദ്ധതിയാണ് ക്രമനമ്പർ 3 പ്രകാരം നടപ്പാക്കിയത്.

മുകളിൽ സൂചിപ്പിച്ച മൂന്ന് പദ്ധതികളിൽ നിന്ന് മാത്രം ആകെ ₹12122084/- ചെലവഴിച്ചിരിക്കുന്നു. തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ച തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ട ഒരിനത്തിന് മാത്രം ഇത്രയും ഭീമമായ തുക ചെലവഴിക്കുന്നത് പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ഈ ഇനത്തിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിന് കാരണമായിരിക്കുന്നു. 2016-17 മുതൽ ഒരു കോടി രൂപ വീതം വകയിരുത്തി ഏകദേശം അത്രയും തുക വീതം ഓരോ വർഷവും ഈ ഇനത്തിൽ ചെലവഴിച്ചിരിക്കുന്നു. ഇതിൽ വലിയൊരു വിഹിതം തനത്ഫണ്ടാണ്. (സുലേഖ സ്റ്റേറ്റ്മെന്റുകളിൽ തനത് ഫണ്ട് ചെലവുകൾ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. )

4. മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള മിഷന് തുക കൈമാറൽ- പദ്ധതി നടത്തിപ്പിലെ അപാകതകൾ

| നിർവ്വഹണം | സെക്രട്ടറി | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 214/22 | 235/22 | 236/22 |
| അടങ്കൽ | ₹657021 | ₹3262562 | ₹966300 |
| ചെലവ് തുക | ₹657014 | ₹1462562 | ₹966300 |

മൂന്നാർ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ കല്ലാറിലുള്ള മാലിന്യ സംഭരണകേന്ദ്രത്തിൽ നിക്ഷേപിക്കുകയും അവിടെ വെച്ച് ജൈവമാലിന്യങ്ങളെ ജൈവവളമാക്കി മാറ്റുകയും അജൈവമാലിന്യങ്ങളെ തരം തിരിച്ച് വിൽപ്പന നടത്തുകയും ചെയ്യുക എന്നതാണ് മൂന്നാർ മാലിന്യ സംസ്കരണത്തിൽ വിഭാവനം ചെയ്തിരുന്ന ഘട്ടങ്ങൾ. എന്നാൽ വർഷങ്ങളായി ശാസ്ത്രീയ രീതികൾ അവലംബിക്കാതെയിരുന്നത് മൂലം തരം തിരിക്കാതിരുന്ന ജൈവ- അജൈവമാലിന്യങ്ങളെ സംസ്കരണ കേന്ദ്രത്തിലും സമീപത്തും കൂട്ടിയിടാൻ ഇടയായി. പിന്നീട് അശാസ്ത്രീയ രീതികളായ മണ്ണിട്ട് മൂടൽ പോലുള്ള രീതികൾ അവലംബിക്കുകയും ഇത് പരിസര-ജല-വായു മലിനീകരണത്തിന് ഇടയാക്കുകയും ചെയ്തു. ഇത്തരത്തിൽ കൂട്ടിയിട്ടിരുന്ന മാലിന്യങ്ങളെ നീക്കം ചെയ്യുന്നതിനാണ് മേൽ പദ്ധതികൾ രൂപീകരിച്ചത്. മുൻ വർഷങ്ങളിൽ കോടികണക്കിന് തുക മാലിന്യസംസ്കരണത്തിന് ചെലവഴിച്ചിട്ടും അത് ഫലപ്രദമായി വിനിയോഗിക്കാത്തതു മൂലമാണ് ഇത്തരത്തിൽ മാലിന്യങ്ങൾ കുന്നുകൂടാനിടയായതും ₹ 3085876/- ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനത്തിന് നൽകാനിടയായതും. ഇത്രയും തുക ചെലവഴിച്ചിട്ടും ഇത്തരത്തിൽ കൂട്ടിയിട്ടിരുന്ന മാലിന്യങ്ങളെ നാമമാത്രമായ അളവിൽ മാത്രമാണ് നീക്കം ചെയ്യാനായത് എന്നത് മുൻ വർഷങ്ങളിലെ മാലിന്യസംസ്കരണത്തിന്റെ പരാജയത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. വലിയ അളവ് മാലിന്യങ്ങൾ നിലവിൽ അവിടെ അവശേഷിക്കുന്നു.

മാലിന്യം മണ്ണിട്ട് മൂടിയ അവസ്ഥയിൽ.



തൻ വർഷം പദ്ധതി നടത്തിയപ്പോളുണ്ടായ അപാകതകൾ താഴെ ചേർക്കുന്നു.

എ) മാലിന്യം നീക്കം ചെയ്യുന്നതിന് പഞ്ചായത്ത് ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിരിന്നു എങ്കിലും പ്രസ്തുത കരാർ അവ്യക്തവും നമ്പരോ തീയതിയോ പോലും ഉൾപ്പെടുത്താത്തതുമാണ്.

ബി) മോണിട്ടറിംഗ് നടത്തിയില്ല. മാലിന്യം നീക്കം ചെയ്ത സമയത്ത് പഞ്ചായത്ത് അധികാരികളുടെ സാന്നിദ്ധ്യമുണ്ടായിരുന്നില്ല. ആയതിനാൽ നീക്കം ചെയ്ത മാലിന്യങ്ങളുടെ തരം, തൂക്കം എന്നിവ പഞ്ചായത്ത് അധികാരികൾ ബോധ്യപ്പെട്ടതായി രേഖയില്ല. ക്ലീൻ കേരള കമ്പനി ഏകപക്ഷീയമായി നൽകിയ വിവിധ ഇൻവോയ്സുകൾ പ്രകാരമാണ് തുക നൽകിയിരിക്കുന്നത്.

സി) ക്ലീൻ കേരള കമ്പനി വിവധ ഏജൻസികളെയാണ് മാലിന്യം നീക്കം ചെയ്യുന്നതിന് ചുമതലപ്പെടുത്തുന്നത്. ഇത്തരം സ്ഥാപനങ്ങൾ ഇത് ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായി കാണുന്നില്ല. ശാസ്ത്രീയമായി സംസ്കരിക്കാതെ മറ്റേതെങ്കിലും പ്രദേശങ്ങളിൽ അലക്ഷ്യമായി നിക്ഷേപിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാനുള്ള സംവിധാനം ക്ലീൻ കേരള കമ്പനിക്ക് ഉള്ളതായി കാണുന്നില്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷത്തിലെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിൽ വിശദമായ വകുപ്പുതല പരിശോധന നടത്തണമെന്ന് ശുപാർശ ചെയ്യുന്നു.

1-27 രേഖകളുടെ അഭാവത്തിൽ ചെലവ് തടസപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷത്തിൽ ചുവടെ കൊടുത്തിരിക്കുന്ന വൌച്ചറുകൾ പ്രകാരം തുക പിൻവലിച്ചതിന്റെ ചെലവ് രേഖകളുടെ അഭാവത്തിൽ ₹12,04,702/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

| വൌച്ചർ നം | തീയതി | തുക ₹ | റിമാർക്സ് |
|---|---|---|---|
| 22101575 | 31.03.2022 | 148726 | അദർ ലയബിലിറ്റീസ് |
| 22101576 | 31.03.2022 | 171060 | എഞ്ചിനിയറുടെ ശമ്പളം |
| 22101420 | 31.03.2022 | 185208 | റീടെൻഷൻ |

| | | | |
|---|---|---|---|
| 22101421 | 31.03.2022 | 165986 | റീടെൻഷൻ |
| 22100986 | 4.1.2022 | 14310 | എൽ.ഐ.സി ഒടുക്കൽ-രസീതില്ല |
| 22100180 | 02.06.2021 | 21818 | ജി.പി.എഫ് ഒടുക്കൽ- |
| 22100184 | 02.06.2021 | 105929 | കെ.പി.ഇ.പി.എഫ്-ചെലാൻ ലഭ്യമല്ല |
| 22100326 | 10.06.2021 | 12159 | എൽ.ഐ.സി-ചെലാൻ ലഭ്യമല്ല |
| 22100241 | 11.06.2021 | 22000 | ജി.പി.എഫ്-ചെലാൻ ലഭ്യമല്ല |
| 22100242 | 11.06.2021 | 98131 | കെ.പി.ഇ.പി.എഫ്-ചെലാൻ ലഭ്യമല്ല |
| 22100243 | 11.06.2021 | 7900 | ജി.ഐ.എസ്-ചെലാൻ ലഭ്യമല്ല |
| 22100244 | 11.06.2021 | 7425 | എസ്.എൽ.ഐ-ചെലാൻ ലഭ്യമല്ല |
| 22100245 | 11.06.2021 | 60690 | കെ.പി.ഇ.പി.എഫ്-ചെലാൻ ലഭ്യമല്ല |
| 22100346 | 09.07.2021 | 96768 | മഴക്കാല പൂർവ്വ ശുചീകരണം-രേഖകൾ ലഭ്യമല്ല |
| 22100981 | 04.01.2022 | 57972 | കെ.പി.ഇ.പി.എഫ്-ചെലാൻ ലഭ്യമല്ല |
| 22100986 | 04.01.2022 | 14310 | എസ്.ഐ.ഐ-ചെലാൻ ലഭ്യമല്ല |
| 22100749 | 27.10.2021 | 14310 | എസ്.ഐ.ഐ-ചെലാൻ ലഭ്യമല്ല |
| | ആകെ | 1204702 | |

രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3600000 | ലൈഫ് - ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 3600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4200000 | ലൈഫ് - ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (എസ്.സി.) | 4200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 633300 | വൃദ്ധർക്ക് കട്ടിൽ വിതരണം | 633300 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | എം.ജി. കോളനി പോസ്റ്റ് ലൈൻ ദീർഘിപ്പിക്കൽ | | 500000 | 500000 | 0 |
| | ബാലൻ ചായക്കട മുതൽ ഡാം വരെ പോസ്റ്റ് ലൈൻ ദീർഘിപ്പിക്കൽ | | 500000 | 500000 | 0 |
| | ഐ.റ്റി.ഡി. ഇലട്രിക്കൽ പോസ്റ്റ് ലൈൻ ദീർഘിപ്പിക്കൽ | | 550000 | 550000 | 0 |
| | മൂന്നാർ കോളനി റോഡ് പോസ്റ്റ് ലൈൻ ദീർഘിപ്പിക്കൽ | | 710874 | 710874 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2443750 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2443750 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 544580 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1899170 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി | ( *)13-9-2022 | 2 വർഷം | 500000 | - |

(2022 മാർച്ച് 31 ന് അവശേഷിക്കുന്ന സ്ഥിര നിക്ഷേപം ₹1899170/- ൽ ₹500000/- ഒഴികെയുള്ള നിക്ഷേപങ്ങൾ 2022-23 സാമ്പത്തിക വർഷത്തിൽ പിൻവലിച്ചിട്ടുള്ളതിനാൽ വിശദാംശങ്ങൾ (നിക്ഷേപിച്ച തീയതി, കാലയളവ് എന്നിവ) ലഭ്യമല്ല.

(*) സ്ഥിര നിക്ഷപത്തിന് ലഭിച്ചിരിക്കുന്ന രസീതിൽ “This Deposit Will Cease To Bear Intrest After Due Date” എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നിക്ഷേപ കാലാവധിക്ക് ശേഷം പലിശ ലഭിക്കാതിരിക്കുന്നതിന് കാരണമാവും. ആയതിനാൽ യഥാസമയം നിക്ഷേപം പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1995-1996 | 4 | 1999-2000 | | പണപ്പിരിവിലെ ക്രമക്കേടുകൾ | ലഭ്യമല്ല |
| 1997-1998 | 39 | 1999-2000 | | ഇടമലക്കുടി ആദിവാസി കോളനി | -ടി- |

| | | | | | |
|---|---|---|---|---|---|
| | | | | മരാമത്ത് വേല നടത്തിയതിന് രേഖയില്ല | |
| 1997-1998 | 49 | 1999-2000 | | മുൻകൂർ ക്രമീകരിച്ചിട്ടില്ല | -ടി- |
| 1997-1998 | 46 | 1999-2000 | | സ്റ്റോക്ക് പർച്ചേസ് നിയമം പാലിക്കാതെ വാങ്ങൽ | -ടി- |
| 2001-2002 | 2-5 | 2005-2006 | | ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുന്നില്ല – നഷ്ടം | -ടി- |
| പ്രവർത്തനാവലോകനം | പേജ് നം.161 | 2013-2014 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ സംരംഭങ്ങളും | തൽസ്ഥിതി തുടരുന്നു |
| 2002-03 | 2-1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല | തൽസ്ഥിതി തുടരുന്നു |
| 2011-12 | 3-5 | 2014-15 | 6-9 | പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് 22.9 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നിഷ്ക്രിയാവസ്ഥയിൽ | -ടി- |
| | | 2014-15 | 4-1-4 | വിഷയാധിഷ്ഠിത അവലോകനം-നിഷ്ക്രിയ ആസ്തികൾ | -ടി- |
| 2012-13 | 3-3 | പേജ് നം. 132, 136 | | പ്രവർത്തനാവലോകനം-ആരോഗ്യമേഖല | -ടി- |
| | | 2015-16 | 3-6-1 | പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം | -ടി- |
| | | 2015-16 | 5-1-1 5-1-5 (പേജ് നം. 49-53 & 184-185) | കെട്ടിട നിർമ്മാണ പെർമിറ്റ്-പോരായ്മകൾ | -ടി- |
| 2013-14 | 3-1 | 2015-16 | 8-7 | മൂന്നാർ സോൺവേസ്റ്റ് മാനേജ്മെന്റ്-ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ | -ടി- |
| 2015-16 | 2-3 | 2016-17 | അനുബന്ധം-4 (പേജ്-180) | വസ്തുനികുതി-അപാകതകൾ | -ടി- |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി | -ടി- |

| | | | | | |
|---|---|---|---|---|---|
| 2016-17 | - | 2017-18 | അനുബന്ധം-7 (പേജ് 505) | ടൂറിസ്റ്റ് ടാക്സി പാർക്കിംഗ് സെന്റർ – പി.ഡബ്ല്യൂ.ഡി-യിൽ തുക നിക്ഷേപിച്ചത് - പണി പൂർത്തീകരിച്ചില്ല | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | ചാർജ് സർചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ? | റവന്യു റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1999-00 | 22(b) (C), 23(b) (C), 24,26 | വൈ. സേതുനാഥ്, സെക്രട്ടറി | LF.12696/ SC2/03 Dt. 25.02.04 | 81151 | തുക അടവാക്കിയിട്ടില്ല. | ഇല്ല | | | | | 81151 | |
| 3 | 1997-98 | 29, 31 (P) | ശ്രീ.വൈ. സേതുനാഥ്, സെക്രട്ടറി | LF.20428/ SP.Cell/ SC2/01 Dt. 16.12.02 | 28500+ 435 | ഖണ്ഡിക.29 ₹28500/- അടവാക്കിയിട്ടില്ല ഖണ്ഡിക.31 തുക-3365/-, LF.20428/ Sp/Cell/ SC2 /01 Dt.28.9.13 പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട് | | | | | | 28500+ 435 | |

(ബി)സർചാർജ് നടപടിവഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | ചാർജ് സർചാർജ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 2 | 2005-06 | 3-2(i) | ശ്രീ. എം.എൽ. അബ്ദുൽറഹീം സെക്രട്ടറി(റിട്ട.) ഒറ്റപ്ലാക്കൽവീട്, കൊല്ലം.പട്ടട, ഇടുക്കി -685509 കുമിളി.പി.ഒ | LF 7457/ Sp.cell/ Csc/c1/11 തി. 29.4.2012 | 21511 | തുക ഈടാക്കിയിട്ടില്ല | ഇല്ല | | | | | 21511 | |
| 3 | 1999-00 | 33, 34 | വൈ. സേതുനാഥ്, സെക്രട്ടറി | LF.12696/ Sp.Cell/ SC2/03 Dt. 25.2.04 | 23809 | തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. | ഇല്ല | | | | | 23809 | |
| 4 | 2007-08 | 3-13 | കെ.വിജയകുമാർ, സെക്രട്ടറി | LF.16677/ Sp.Cell/ CSC/ C1/12 Dt. 24.09.13 | 45443 | തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. | ഇല്ല | | | | | 45443 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 19677892.06 |
| വരവ് | 169259446.00 |
| ആകെ | 188937338.06 |
| ചെലവ് | 165518447.00 |
| നീക്കിയിരിപ്പ് | 23418891.06 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22590588.00 |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-16 | 78321 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| 1-17 | 25452 | ശ്രീ. റിന തോമസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | |
| 1-18 | 146700 | ശ്രീ. അജയകുമാർ പി. എസ്.,അസിസ്റ്റന്റ് സെക്രട്ടറി | |
| 1-20 | 2260874 | ശ്രീ. സഹജൻ കെ. എൻ., സെക്രട്ടറി | |
| 1-21 | 2815000 | ശ്രീമതി.അനീജ നായർ എം., കൃഷി ഓഫീസർ | |
| 1-22 | 949060 | ശ്രീമതി അനീജ നായർ എം., കൃഷി ഓഫീസർ | |
| 1-24 | 10203800 | ശ്രീ. ജിൻസ് കെ. ജി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| 1-25 | 7800000 | ശ്രീ. ജിൻസ് കെ. ജി., വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| 1-27 | 1204702 | 533722 | ശ്രീ. സഹജൻ കെ. എൻ., സെക്രട്ടറി |
| | | 670980 | ശ്രീ. അജിത് കുമാർ വി.ആർ., സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റിനു തോമസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ തൊടുപുഴ ബ്ലോക്ക് | കേളകൊമ്പിൽ വീട്, മാറിക പി ഒ, കൂത്താട്ടുകുളം |
| അജയകുമാർ പി. എസ്., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത് | പൂത്തുക്കുടി, ആനവിരട്ടി പി.ഒ, അടിമാലി |
| അജിത്കുമാർ വി ആർ, സെക്രട്ടറി | സെക്രട്ടറി, അഞ്ചുതെങ്ങ്, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി രവീരം, ദളവ റോഡ്, കുമാരപുരം, തിരുവനന്തപുരം |
| സഹജൻ കെ.എൻ, സെക്രട്ടറി | സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത് | കടായത്ത് വീട്, അടിമാലി പി.ഒ, അടിമാലി |
| അനീജ നായർ എം., കൃഷി ഓഫീസർ | കൃഷി ഓഫീസർ, മാങ്കുളം ഗ്രാമപഞ്ചായത്ത് | മുക്കുഴിക്കൽ കിഴക്കേതിൽ, മലഎരം, പുതുക്കുളം പി.ഒ, പത്തനംതിട്ട |
| ജിൻസ് കെ.ജി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ബൈസൺവാലി ഗ്രാമപഞ്ചായത്ത്. | വില്ലേജ് കുഴിക്കാട്ടിൽ, വാളറ പി.ഒ, ഇരുമ്പുപാലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 അദാലത്ത്-സെപ്റ്റംബർ/2022 തീയതി 26.9.2022 | 5 | 29, 37, 38, 39, 49 |
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 13 | 20(1,2,3), 38, 40, 41, 42, 46, 50, 51, 52, 53, 54, 58(ബി, സി, ഡി), 59 |
| 1999-00 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 11 | 22(ബി, സി), 23(ബി,സി), 24, 26, 33, 35, 36, 37, 38, 39, 40 |
| 2001-02 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 3 | 2-5, 3-5, 3-8 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 10 | 2-2, 2-3 (എ,ബി,സി), 2-4, 2-8, 3-5, 3-8, 3-9, 3-10, 3-12, 3-14 |

| | | | |
|---|---|---|---|
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 1 | 3-15 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 2 | 3-2, 3-11 |
| 2006-07 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442(അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 4 | 3-10, 3-11, 3-12, 3-17 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442(അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 3 | 3-10, 3-12, 3-13 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 3 | 3-10, 3-11, 3-12 |
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 3 | 3-4, 3-5, 3-6 |
| 2010-11 | കെ.എസ്.എ.ഐ.ഡി.കെ.പി-5/1442 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി 26.9.2022 | 7 | 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2011-12 | എൽ.എഫ്.ഐ.-14/215/15/ 01.04.15 | 20 | 2-1,2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2012-13 | കെ.എസ്.എ-ഐ.ഡി.കെ-14/ 60/16/ 07.01.16 | 16 | 2-1,2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, |
| 2013-14 | കെ.എസ്.എ-ഐ.ഡി.കെ-14/ 405/16/ 16.04.16 | 15 | 2-1,2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ. 14/ 246/17 /15.03.17 | 19 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ. 14/ 13/ | 12 | 2-1, 2-2, 2-3, 3-1, 3-2, |

| | | | |
|---|---|---|---|
| | 18/03.08.18 | | 3-3, 3-4, 3-5, 3-6, 3-7,<br>3-8, 3-9 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ.14/ 1310/<br>17/22.01.18 | 14 | 2-1,2-2, 2-3, 2-4, 3-2,<br>3-3, 3-4(2), 3-5, 3-6, 3-7,<br>3-9, 3-10, 3-11, 3-12 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ.14/ 936/08.10.18 | 21 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-15 വരെ |
| 2018-19 | KSA IDK14/1187/2019/9.3.2020/28.5.2020 | 28 | 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20,<br>1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-29,<br>1-30, 1-31, 1-33, 1-35, 1-36, 1-37, 1-38, 3-1, 4-8,<br>4-9, 4-11 |
| 2019-20 | നം.കെ.എസ്.എ.ഐ.ഡി.കെ-13/1188/21<br>തീയതി 15/06/2022 | 9 | 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 3-1, 4-11 |
| 2020-21 | നം.കെ.എസ്.എ.ഐ.ഡി.കെ-13/1189/21<br>തീയതി 15/06/2022 | 10 | 1-8, 1-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-17, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്